بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ نَحۡمَدُہٗ وَنُصَلِّیۡ عَلٰی رَسُوۡلِہِ الۡکَرِیۡمِ وَعَلٰی عَبۡدِہِ الۡمَسِیۡحِ الۡمَوۡعُوۡد

وَلَقَدۡ نَصَرَکُمُ اللّٰہُ بِبَدۡرٍ وَّاَنۡتُمۡ اَذِلَّۃٌ

# ബദർ

വീക്കിലി ഖാദിയാൻ

The weekly
BADAR Qadian
Malayalam

വാല്യം 1

ലക്കം 12

വാർഷിക വരിസംഖ്യ 300 രൂപ

പത്രാധിപർ എച്ച്.ശംസുദ്ദീൻ

സഹപത്രാധിപർ മുഹമ്മദ് ഇസ്മായീൽ

www.akhbarbadrqadian.in

2016 മെയ് 26/ഹി:ശം:1395 ഹിജ്റത്ത് 26/ഹി:ഖ: 1437 ശഅ്ബാൻ 18

## അഹ്മദിയ്യാ വാർത്ത

അൽഹംദുലില്ലാഹ്. സയ്യിദുനാ അമീറുൽ മുഅ്മിനീൻ ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് ഖലീഫത്തുൽമസീഹ് അൽഖാമിസ് അയ്യദഹുല്ലാഹ് അല്ലാഹുവിന്റെ അനുഗ്രഹത്താൽ സുഖത്തിലും ക്ഷേമത്തിലുമാണ്. ഹുദൂർ അൻവർ 2016 ഏപ്രിൽ 22ന് ലണ്ടനിലെ ബയ്ത്തുൽ ഫുതൂഹ് മസ്ജിദിൽ ഖുത്വ്ബ ജുമുഅ നിർവഹിച്ചു. അതിന്റെ പൂർണരൂപം ഈ ലക്കം പേജ് 3-ൽ വായിക്കുക.

സ്നേഹിതന്മാർ ഹുദൂർ അൻവറിന്റെ ആരോഗ്യത്തിനും സ്വാസ്ഥ്യത്തിനും ദീർഘായുസ്സിനും ഉന്നതലക്ഷ്യങ്ങളിൽ വിജയംവരിക്കുന്നതിനും പ്രത്യേകമായ കാവലുണ്ടാകുന്നതിനും ദുആ ചെയ്തുകൊണ്ടേ ഇരിക്കുക. അല്ലാഹു എപ്പോഴും ഹുദൂർ അൻവറിന്റെ സംരക്ഷകനും സഹായിയുമായിരിക്കട്ടെ. സഹായവും തുണയും നല്കുമാറാകട്ടെ. ആമീൻ. അല്ലാഹുമ്മ അയ്യിദ് ഇമാമനാ ബി റൂഹിൽ ഖുദുസ് വ ബാരിക്ലനാ ഫീ ഉംരിഹീ വ അംരിഹീ.

**"മരണത്തോടു അങ്ങേയറ്റമെത്തുമ്പോൾ നോമ്പു വിടുക എന്ന അവസ്ഥയാണ് എന്റേത്. മനസ്സ് നോമ്പ് വിടാൻ ആഗ്രഹിക്കുന്നില്ല. ഇത് അനുഗൃഹീത നാളുകളാണ്. അല്ലാഹുവിന്റെ ഫള്‌ലും റഹ്മത്തും ഇറങ്ങുന്ന നാളുകളാണ്."**

**സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഉപദേശങ്ങൾ**

## ദർസുൽഖുർആൻ

یٰۤاَیُّهَا الَّذِیۡنَ اٰمَنُوۡا کُتِبَ عَلَیۡکُمُ الصِّیَامُ کَمَا کُتِبَ عَلَی الَّذِیۡنَ مِنۡ قَبۡلِکُمۡ لَعَلَّکُمۡ تَتَّقُوۡنَ ۝ اَیَّامًا مَّعۡدُوۡدٰتٍ ؕ فَمَنۡ کَانَ مِنۡکُمۡ مَّرِیۡضًا اَوۡ عَلٰی سَفَرٍ فَعِدَّۃٌ مِّنۡ اَیَّامٍ اُخَرَ ؕ وَعَلَی الَّذِیۡنَ یُطِیۡقُوۡنَهٗ فِدۡیَۃٌ طَعَامُ مِسۡکِیۡنٍ ؕ فَمَنۡ تَطَوَّعَ خَیۡرًا فَهُوَ خَیۡرٌ لَّهٗ ؕ وَاَنۡ تَصُوۡمُوۡا خَیۡرٌ لَّکُمۡ اِنۡ کُنۡتُمۡ تَعۡلَمُوۡنَ ۝

(البقرہ:184،185)

വിശ്വാസികളേ! നിങ്ങൾക്ക് മുമ്പേയുള്ളവർക്ക് നിർബന്ധമാക്കപ്പെട്ടിരുന്നതുപോലെ നിങ്ങൾക്കും വ്രതാനുഷ്ഠാനം നിർബന്ധമാക്കപ്പെട്ടിരിക്കുന്നു; നിങ്ങൾ(ധാർമികവും ആത്മീയവുമായ ന്യൂനതകളിൽനിന്ന് സുരക്ഷിതരാകുംവിധം)ദോഷബാധയെ സൂക്ഷിക്കുവാൻവേണ്ടി.

(അതിനാൽ നിങ്ങൾ നോമ്പ് പിടിക്കുക) എണ്ണപ്പെട്ട ചില ദിനങ്ങളിൽ. എന്നാൽ, നിങ്ങളിലാരെങ്കിലും രോഗിയോ യാത്രയിലോ ആയാൽ മറ്റു ദിവസങ്ങളിൽ (അവൻ)എണ്ണം പൂർത്തീകരിച്ചുകൊള്ളട്ടെ. ഇതിനു (നോമ്പു പിടിക്കാൻ) കഴിവില്ലാത്തവർ(പ്രായശ്ചിത്തമെന്ന നിലയിൽ) ഒരു അഗതിയുടെ ആഹാരം (കഴിവനുസരിച്ച്)നല്കേണ്ടത് നിർബന്ധമാണ്. ഇനി ആരെങ്കിലും പൂർണമായ അനുസരണം പുലർത്തിക്കൊണ്ട് വല്ല നന്മയും ചെയ്യുന്നുണ്ടെങ്കിൽ അത് അയാൾക്ക് ഗുണകരമായിരിക്കും. നിങ്ങൾ(കാര്യം)ഗ്രഹിക്കുന്നവരാണെങ്കിൽ നോമ്പനുഷ്ഠിക്കുന്നത് നിങ്ങൾക്ക് ഗുണകരമത്രെ.(2:184-185)

## ദർസുൽഹദീഥ്

عَنۡ اَبِیۡ هُرَیۡرَۃَ رَضِیَ اللّٰهُ عَنۡهُ قَالَ : قَالَ رَسُوۡلُ اللّٰهِ صَلَّی اللّٰهُ عَلَیۡهِ وَسَلَّمَ : قَالَ اللّٰهُ عَزَّ وَ جَلَّ : کُلُّ عَمَلِ بۡنِ اٰدَمَ لَهٗ اِلَّا الصِّیَامَ فَاِنَّهٗ لِیۡ وَاَنَا اَجۡزِیۡ بِهٖ ۔ وَالصِّیَامُ جُنَّۃٌ فَاِذَا کَانَ یَوۡمُ صَوۡمِ اَحَدِکُمۡ فَلَا یَرۡفُثۡ وَلَا یَصۡخَبۡ فَاِنۡ سَابَّهٗ اَحَدٌ اَوۡ قَاتَلَهٗ فَلۡیَقُلۡ : اِنِّیۡ صَآئِمٌ ۔ وَالَّذِیۡ نَفۡسُ مُحَمَّدٍ بِیَدِهٖ لَخُلُوۡفُ فَمِ الصَّآئِمِ اَطۡیَبُ عِنۡدَ اللّٰهِ مِنۡ رِیۡحِ الۡمِسۡكِ ۔ لِلصَّآئِمِ فَرۡحَتَانِ یَفۡرَحُهُمَا ، اِذَا اَفۡطَرَ فَرِحَ ، وَاِذَا لَقِیَ رَبَّهٗ فَرِحَ بِصَوۡمِهٖ ۔

(بخاری کتاب الصوم باب هل یقول انی صائم اذا شُتِمَ)

ഹദ്റത്ത് അബൂഹുറയ്റ(റ)യിൽനിന്ന് നിവേദനം. നബി(സ)തിരുമേനി പറഞ്ഞു: അല്ലാഹു പറയുന്നു: മനുഷ്യന്റെ മുഴുവൻ കർമങ്ങളും അവനുള്ളതത്രെ. നോമ്പോ, അതെനിക്കുള്ളതാണ്. ഞാൻ സ്വയം അതിന് പ്രതിഫലമാകുന്നതാണ്.(അതായത് അവന്റെ ആ നന്മയ്ക്കു പകരം ഞാൻ എന്റെ ദർശനം അവന് നല്കുന്നതാണ്) അല്ലാഹു പറയുന്നു: തെറ്റുകൾ തടുക്കാനുള്ള ഒരു പരിചയാണ് നോമ്പ്. നിങ്ങളിൽ ആർക്കെങ്കിലും നോമ്പുണ്ടായാൽ ശബ്ദകോലാഹലങ്ങൾ ഉണ്ടാക്കുകയോ വേണ്ടാവൃത്തികൾ ചെയ്യുകയോ അരുത്. അവനോടു ആരെങ്കിലും വഴക്കുകൂടാനോ വക്കാണമുണ്ടാക്കാനോ വന്നാൽ, 'ഞാൻ നോമ്പു പിടിച്ചിരിക്കുയാണ്'എന്നു പറഞ്ഞ് അവൻ മാറിനിന്നു കൊള്ളട്ടെ. ആരുടെ കൈയിലാണോ മുഹമ്മദിന്റെ ജീവനിരിക്കുന്നത് അവനാണ്! നോമ്പുകാരന്റെ വായുടെ മണം അല്ലാഹുവിന്റെ പക്കൽ കസ്തൂരിയെക്കാൾ മണമുള്ളതാണ്. നോമ്പുകാരന് രണ്ടു സന്തോഷം വിധിക്കപ്പെട്ടിരിക്കുന്നു. ഒന്ന് നോമ്പ് മുറിക്കുമ്പോൾ. പിന്നെ നോമ്പുകാരണത്താൽ തന്റെ രക്ഷിതാവുമായി കൂടിക്കാഴ്ചയ്ക്കുള്ള ഭാഗ്യമുണ്ടാകുമ്പോഴും. (ബുഖാരി കിതാബുസ്സൗം)

## വാഗ്ദത്ത മഹ്ദീ മസീഹിന്റെ പരിശുദ്ധ വചനങ്ങൾ

വാഗ്ദത്ത മഹ്ദീ മസീഹ് ഹദ്റത്ത് മിർസാ ഗുലാം അഹ്മദ്(അ) പറയുന്നു: "സൂര്യന്റെ ചൂടിനാണ് റമള് എന്നു പറയുന്നത്. റമളാനിൽ മനുഷ്യൻ മുഴുവൻ അശനപാനീയങ്ങളിലും ശാരീരികമായ എല്ലാ ആനന്ദാനുഭൂതികളിലും ക്ഷമ കൈക്കൊള്ളുന്നു. രണ്ടാമത്തേത് അല്ലാഹുവിന്റെ കല്പന പാലിക്കുന്നതിന് ഒരു ചൂടും ആവേശവുമുണ്ടാക്കുന്നു. ആത്മീയവും ശാരീരികവുമായ ചൂടും ഉഷ്ണവും ചേർന്ന് റമളാൻ ഉണ്ടായി. ഇത് ചൂടുമാസത്തിൽ വന്നതുകൊണ്ടാണ് റമളാൻ എന്നു പറയപ്പെട്ടതെന്നുള്ള ഭാഷാകാരന്മാരുടെ വാദം എന്റെ അഭിപ്രായത്തിൽ ശരിയല്ല. കാരണം അറേബ്യക്കാർക്കുവേണ്ടി ഈ പ്രത്യേകത ഉണ്ടാകാവതല്ല. ആത്മീയമായ റമള് കൊണ്ടുള്ള ഉദ്ദേശ്യം ആത്മീയമായ രസാനുഭൂതിയും അഭിനിവേശവും ദീനീപരമായ ചൂടുമാണ്. ഏതൊരു ചൂടുകൊണ്ട് കല്ലു ചൂടുപിടിക്കുന്നുവോ അതിനും റമള് എന്ന് പറയും"(മൽഫൂദാത്ത് വാല്യം 1 പേജ് 136 2003 ഖാദിയാൻ പതിപ്പ്)

വാഗ്ദത്ത മഹ്ദീ മസീഹ് (അ)പറയുന്നു: "റമളാൻമാസം അനഗൃഹീത മാസമാണ്. ദുആകളുടെ മാസമാണ്." വീണ്ടും പറഞ്ഞു: "മരണത്തോടു അങ്ങേയറ്റമെത്തുമ്പോൾ നോമ്പു വിടുക എന്ന അവസ്ഥയാണ് എന്റേത്. മനസ്സ് നോമ്പ് വിടാൻ ആഗ്രഹിക്കുന്നില്ല. ഇത് അനുഗൃഹീത നാളുകളാണ്. അല്ലാഹുവിന്റെ ഫള്‌ലും റഹ്മത്തും ഇറങ്ങുന്ന നാളുകളാണ്." (മൽഫൂദാത്ത് വാല്യം 1 പേജ് 439 2003 ഖാദിയാൻ പതിപ്പ്)

പ്രിന്റർ & പബ്ലിഷർ ജമീൽ അഹ്മദ് നാസിർ, ഫദ്‌ലെ ഉമർ പ്രിന്റിംഗ് പ്രസ്സ് ഖാദിയാനിൽ അച്ചടിപ്പിച്ച് ഖാദിയാനിലെ ബദ്ർ പത്ര ഓഫീസിൽ നിന്ന് പ്രസിദ്ധീകരിച്ചത്: പ്രൊപ്രൈറ്റർ നിഗ്‌റാൻ ബദ്ർ ബോർഡ്,ഖാദിയാൻ

# ബ്രിട്ടൺ അഹ്മദിയ്യ ജമാഅത്തിന്റെ 13-ാമത് വാർഷിക സമാധാന സമ്മേളത്തിൽ അമീറുൽ മുഅ്മിനീൻ മിർസാ മസ്റൂർ അഹ്മദ് സാഹിബിന്റെ മഹനീയ സാന്നിധ്യം. ഇസ്ലാമിന്റെ മനോഹരവും അതുല്യവുമായ അധ്യാപനമനുസരിച്ച് ലോകസമാധാന സ്ഥാപനത്തെ കുറിച്ച് പ്രഭാഷണം.

**(റിപ്പോർട്ട്: ഹാഫിള് മുഹമ്മദ് സഫ്റുല്ലാഹ് ആജിസ്, അൽഫള്ൽ ഇന്റർ നാഷണൽ 2016 ഏപ്രിൽ 22 പേജ് 2.12)**

(കഴിഞ്ഞലക്കം തുടർച്ച)....അമീറുൽമുഅ്മിനീൻ പറഞ്ഞു: മുസ്ലിമായ കാരണത്താൽ യുദ്ധങ്ങളിലേക്ക് താല്പര്യം കാണിക്കുന്നതിനുപകരം മുഴുവൻ മനുഷ്യരേയും സ്നേഹിക്കുന്നതിന് എന്നെ നിർബന്ധിക്കുന്ന മറ്റൊരുകാര്യവുമുണ്ട്. അതെന്താണെന്നുവച്ചാൽ, വിശുദ്ധ ഖുർആൻ പ്രാരംഭത്തിൽത്തന്നെ രണ്ടാമത്തെ വചനത്തിൽ റബ്ബുൽ ആലമീൻ എന്നു അല്ലാഹു തന്നെക്കുറിച്ച് പറഞ്ഞിരിക്കുന്നു എന്നതാണ്. മൂന്നാമത്തെ ആയത്തിൽ പറയുന്നത് പരമകാരുണികനും കരുണാമയനുമെന്നാണ്. അല്ലാഹു തന്നെക്കുറിച്ച് മുഴുവൻ മനുഷ്യരുടേയും പരിപാലകൻ എന്നും പരമകാരുണികനും കരുണാമയനുമെന്നും പറയുമ്പോൾ അവനിൽ വിശ്വസിക്കുന്നവരോട് തന്റെ സൃഷ്ടികളെ കൊന്നോടുക്കാനും അവരെ എങ്ങനെയെങ്കിലുമൊക്കെ ബുദ്ധിമുട്ടിക്കാനും പറയുന്നതെങ്ങനെ? തീർച്ചയായും ഈ ചോദ്യത്തിന്റെ മറുപടി അത്തരം കല്പന അല്ലാഹുവിൽനിന്നുള്ളതല്ല എന്നതാണ്.

അമീറുൽമുഅ്മിനീൻ പറഞ്ഞു: ഇതിനു തികച്ചും വിരുദ്ധമായി അക്രമത്തിനും മനുഷ്യത്വരഹിതമായ പ്രവർത്തനത്തിനും അനീതിക്കുമെതിരെ നടപടി കൈക്കൊള്ളാൻ അല്ലാഹു കല്പന നല്കിയിരിക്കുന്നുവെന്നത് തികച്ചും ശരിയായ കാര്യവുമാണ്. ഇസ്ലാമികാധ്യാപനമനുസരിച്ച് അക്രമത്തിൽനിന്ന് അക്രമിയുടെ കൈ തടയാനും, എല്ലാതരത്തിലുള്ള അനീതിയേയും എല്ലാവിധ അതിക്രമങ്ങളേയും സമൂഹത്തിൽനിന്ന് തുടച്ചുമാറ്റാനും ശ്രമിക്കാനാണ് ഒരു മുസൽമാന് നിർദേശമുള്ളത്.

അമീറുൽമുഅ്മിനീൻ പറഞ്ഞു: ഇസ്ലാമികാധ്യാപനമനുസരിച്ച് ഈ പ്രവർത്തനം രണ്ടുവിധത്തിൽ ചെയ്യാവുന്നതാണ്. ഒന്നാമത്തെ മാർഗം പരസ്പരം ചർച്ച ചെയ്തും സംസാരിച്ചും പരസ്പര ധാരണയോടുംകൂടി ഇക്കാര്യം പരിഹരിക്കുക എന്നതാണ്. ഇതാണ് അഭികാമ്യമായ മാർഗം. അങ്ങനെ സാധ്യമാകുന്നില്ലെങ്കിൽ രണ്ടാമത്തെ മാർഗം സ്വീകരിക്കാനാണ് കല്പിച്ചിട്ടുള്ളത്. അതായത് സമൂഹത്തിൽ സമാധാനം നിലനില്ക്കുന്നതിന് ശക്തികൊണ്ട് അക്രമത്തെ തടയുക.

മതത്തിനുപുറമെ മറ്റു വൃത്തങ്ങളിലും ചില നിയമങ്ങളും ചട്ടങ്ങളുമുണ്ട്. അത് ലംഘിച്ചാൽ ശിക്ഷ നല്കപ്പെടുന്നു. ശിക്ഷിക്കാതെതന്നെ പരിഷ്കരണം സാധ്യമാകുമെങ്കിൽ അല്ലെങ്കിൽ നിസാരശിക്ഷകൊണ്ട് നന്നാകുമെങ്കിൽ അത് ഏറ്റവും ഉത്തമമാണ്. പക്ഷേ, നന്നാക്കിയെടുക്കുന്നതി ന് കഠിനമായ ശിക്ഷ നല്കേണ്ടത് അനിവാര്യമാണെങ്കിൽ സമൂഹത്തിന്റെ ഉന്നമനത്തിനും മറ്റുള്ളവർക്ക് ഗുണപാഠത്തിനുമായി ശിക്ഷ നല്കപ്പെടുന്നു. ഇക്കാര്യം മതവീക്ഷണത്തിലൂടെ നോക്കുകയാണെങ്കിൽ ഇസ്ലാമികാധ്യാപനങ്ങളിൽ കുറ്റകൃത്യത്തിനുള്ള ശിക്ഷ, പകരം വീട്ടുന്നതിനോ ബുദ്ധിമുട്ടിക്കുന്നതിനോ വേണ്ടിയല്ല നല്കുന്നതെന്ന് നമുക്ക് മനസ്സിലാകും. മറിച്ച് അതിന്റെ ഉദ്ദേശ്യം അക്രമങ്ങൾ അവസാനിപ്പിക്കുകയും പോസിറ്റീവായ രീതിയിൽ ജനങ്ങളുടെ പരിഷ്കരണവുമാണ്. വിശുദ്ധ ഖുർആനിന്റെ പാഠമനുസരിച്ച് ഏതെങ്കിലും വ്യക്തിയുടേയോ സംഘത്തിന്റേയോ പരിഷ്കരണം മാപ്പു നല്കുന്നതുകൊണ്ട് സാധ്യമാകുമെങ്കിൽ ആ രീതിയാണ് സ്വീകരിക്കേണ്ടത്. പക്ഷേ. വിട്ടുവീഴ്ചയും മാപ്പുംകൊണ്ട് പരിഷ്കരണോദ്ദേശ്യം കരസ്ഥമാകുന്നില്ലെങ്കിൽ സമൂഹത്തിന്റെ പരിഷ്കരണത്തിനും ഉന്നമനത്തിനുംവേണ്ടി ശിക്ഷ നടപ്പാക്കേണ്ടതാണ്. അതിനാൽ ഇസ്ലാമിൽ ശിക്ഷയുടെ സങ്കല്പം ഒരു ഒറ്റപ്പെട്ടതും ദീർഘവീക്ഷണം വഹിക്കുന്നതുമാണ്. കാരണം അതിന്റെ ഉദ്ദേശ്യം സമൂഹത്തിന്റെ ക്ഷേമത്തിനുവേണ്ടി ജനങ്ങൾക്ക് ശിക്ഷണം നല്കലാണ്. ഉന്നതമായ മാനുഷിക മൂല്യങ്ങൾ സമൂഹത്തിൽ നടപ്പിൽ വരുത്തുകയാണ്. ജനങ്ങൾ അവരുടെ സ്രഷ്ടാവിന്റെ വിശേഷഗുണങ്ങളെ തങ്ങളുടെ ഉള്ളിൽ സൃഷ്ടിച്ച് ഒരാൾ മറ്റൊരാളെ ഗൗനിക്കാൻ തുടങ്ങണം. ഇതുകൊണ്ടാണ് ഇസ്ലാമിൽ ഏതെങ്കിലും വ്യക്തിയോ സംഘമോ അവകാശങ്ങൾ പിടിച്ചടക്കുമ്പോൾ പിടിച്ചടക്കുന്നവരെ അവരുടെ കുറ്റമനുസരിച്ച് ശിക്ഷിക്കാൻ കല്പനയുള്ളത്. എന്നാൽ, മറുവശത്ത് ശിക്ഷ കൂടാതെതന്നെ സമൂഹത്തിന്റെ പരിഷ്കരണം നടക്കുമെങ്കിൽ ആ രീതി കൂടതൽ നല്ലതാണെന്ന് പറയപ്പെട്ടിരിക്കുന്നു. അതിനാൽ അല്ലാഹു വിശുദ്ധ ഖുർആനിലെ 'നൂർ' എന്ന അധ്യായത്തിലെ 23-ാം വചനത്തിൽ പറയുന്നു:'അവർ മാപ്പു ചെയ്യുകയോ വിട്ടുവീഴ്ച ചെയ്യുകയോ ചെയ്തുകൊള്ളട്ടെ.' ഇപ്രകാരം തന്നെ 'ആലുഇംറാൻ' എന്ന അധ്യായത്തിലെ 135-ാം വചനത്തിൽ പറയുന്നു: 'കോപം നിയന്ത്രിക്കുന്നവരേയും ജനങ്ങൾക്ക് മാപ്പു ചെയ്തുകൊടുക്കുന്നവരേയും അല്ലാഹു ഇഷ്ടപ്പെടുന്നു.' ഇതിനു പുറമെ വിശുദ്ധ ഖുർആനിൽ ഒരുപാടു സ്ഥലങ്ങളിൽ മനുഷ്യൻ സാധിക്കുന്നിടത്തോളും വിട്ടുവീഴ്ചയോടും മാപ്പുകൊടുത്തും പെരുമാറണമെന്ന കല്പനയുണ്ട്. കാരണം യഥാർഥ ഉദ്ദേശ്യം സ്വഭാവത്തിൽ നല്ല മാറ്റമുണ്ടാക്കലും പരിഷ്കരണവുമാണ്; പ്രതികാരം ചെയ്യലല്ല.

അമീറുൽമുഅ്മിനീൻ പറഞ്ഞു: രാജ്യങ്ങളോ ഗ്രൂപ്പുകളോ തമ്മിലുള്ള പരസ്പര ഭിന്നിപ്പുകളുടെ ഒത്തുതീർപ്പിനും പിന്നീട് നീതിയുടെ ദൃഢമായ സ്ഥാപനത്തിനും അല്ലാഹു 'ഹുജുറാത്ത്' എന്ന അധ്യാത്തിലെ 10-ാം വചനത്തിൽ ഒരു സുവർണമായ നിയമം വിവരിച്ചിരിക്കുന്നു. രണ്ടു രാജ്യങ്ങൾ അല്ലെങ്കിൽ സംഘങ്ങൾ തമ്മിൽ യുദ്ധത്തിൽ ഏർപ്പെട്ടാൽ നിഷ്പക്ഷരായ ഒരു സംഘം അവർക്കിടയിലെ കാര്യം സമാധാനപൂർണമായ നിലയിൽ പരിഹരിച്ചുകൊണ്ട് രഞ്ജിപ്പുണ്ടാക്കുക. എന്നിട്ട് അവരുടെ ഇടയിൽ ഉടമ്പടി ഉണ്ടായാൽ എല്ലാവരോടും തുല്യമായ നിലയിൽ പെരുമാറുക. ഏതെങ്കിലും സംഘം ഉടമ്പടി ലംഘിച്ച് മറ്റെ കൂട്ടരുടെമേൽ ആക്രമണം നടത്തുകയാണെങ്കിൽ മറ്റുള്ള എല്ലാ സംഘങ്ങളും അല്ലെങ്കിൽ രാജ്യങ്ങളും ചേർന്ന് അക്രമിയെ തടയുന്നതിനുവേണ്ടി അവർക്കെതിരിൽ ശക്തി പ്രയോഗിച്ചുകൊണ്ട് ആക്രമിക്കുക. എന്നാൽ, അക്രമം ചെയ്യുന്നവർ തങ്ങളുടെ അതിക്രമങ്ങളിൽനിന്നും ദ്രോഹങ്ങളിൽനിന്നും പിന്മാറിയാൽ നീതിയുടെ തേട്ടം പൂർത്തിയാക്കിക്കൊണ്ട് ആ രണ്ടു സംഘങ്ങളുടേയും ഇടയിൽ രഞ്ജിപ്പുണ്ടാക്കുക. ആ അതിക്രമികൾക്ക് ഒരു സ്വതന്ത്രഭരണമെന്ന നിലയിൽ അല്ലെങ്കിൽ ജനതയുടെ അഭിവൃദ്ധിക്കു വേണ്ടി പൂർണമായ അനുവാദം നല്കുക. ഈ എല്ലാ നിയമങ്ങളും കാണുമ്പോൾ നമ്മളെല്ലാവരും സമാധാനത്തോടും നീതിയെ നിലനിറുത്തിയും പരസ്പരം കൂടിച്ചേർന്ന് ഒന്നിച്ചു കഴിയണമെന്നാണ് മുഴുവൻ മനുഷ്യരുടേയും പരിപാലകനായ(റബ്ബ്) അല്ലാഹു ആഗ്രഹിക്കുന്നതെന്ന് സ്ഥാപിതമാകുന്നു.

അമീറുൽമുഅ്മിനീൻ പറഞ്ഞു: മതപരമായ അധ്യാപനങ്ങളെ സംബന്ധിച്ച് പറയുമ്പോൾ മതസ്വാതന്ത്ര്യത്തിന്റേയും ആവിഷ്കാര സ്വാതന്ത്ര്യത്തിന്റേയും ധ്വജവാഹകരാണ് ഇസ്ലാമികമായ വിശ്വാസാദർശങ്ങൾ. ഇസ്ലാമിൽ ഓരോ വ്യക്തിക്കും സ്വയേഷ്ടപ്രകാരമുള്ള മതം സ്വീകരിക്കാൻ അനുവാദമുണ്ട്. എന്നല്ല ആ മതത്തിന്റെ പ്രബോധനം നടത്താനും പൂർണമായ അനുവാദമുണ്ട്. മതവും വിശ്വാസവും മനസ്സിന്റെ കാര്യമാണ്. അതുകൊണ്ട് മതം വിശ്വസിക്കുന്ന കാര്യത്തിൽ ഒരു ബലാൽക്കാരവുമില്ല. അല്ലാഹു ഇസ്ലാമിനെ ഒരു സമ്പൂർണമതമാക്കിയിരിക്കുമ്പോൾ ജനങ്ങളെ നിർബന്ധിച്ച് അതിൽ ചേർക്കാൻ ആർക്കും അധികാരമില്ല. ഓരോ വ്യക്തിയ്ക്കും-അയാൾ മതത്തോടു ചായ്വുള്ളനാകട്ടെ ചായ്വില്ലാത്തവനാകട്ടെ-അവന് ഇസ്ലാം സ്വീകരിക്കാൻ അനുവാദമുണ്ട്. പക്ഷേ, അടിസ്ഥാനപരമായ കാര്യം അയാളുടെ ഇസ്ലാം സ്വീകരണം സ്വയേഷ്ടപ്രകാരമായിരിക്കണം എന്നതാണ്. ഒരു സമ്മർദവും കൂടാതെ സ്വന്തം തീരുമാനിക്കേണ്ടതാണ്. തികച്ചും ഇതുപോലെ ഏതെങ്കിലും മുസൽമാൻ ഇസ്ലാം ഉപേക്ഷിക്കാൻ ആഗ്രഹിക്കുകയാണെങ്കിൽ വിശുദ്ധ ഖുർആനിന്റെ അധ്യാപനമനുസരിച്ച് അത്തരം പുരുഷന് അല്ലെങ്കിൽ സ്ത്രീക്ക് ഇസ്ലാം ഉപേക്ഷിക്കാനും അവകാശമുണ്ട്. ഇസ്ലാം ആഗോളമതമാണെന്നത് നമ്മുടെ ദൃഢവിശ്വാസമാണ്. അതിന്റെ അധ്യാപനങ്ങൾ സമ്പൂർണമാണ്. ആരെങ്കിലും അതിനെ ഉപേക്ഷിക്കാൻ ആഗ്രഹിക്കുകയാണെങ്കിൽ അത് അവന്റെ ഇഷ്ടമാണ്. അവന് തീരുമാനമെടുക്കാൻ അധികാരമുണ്ട്. 'മാഇദ' അധ്യായത്തിലെ 55-ാം വചനത്തിൽ അല്ലാഹു പറയുന്നു: നിങ്ങളിൽനിന്ന് ആരെങ്കിലും തന്റെ മതംവിട്ട് പുറത്തുപോകാനാഗ്രഹിച്ചാൽ അവൻ പൊയ്ക്കൊള്ളട്ടെ. തൽസ്ഥാനത്ത് അതിനെക്കാൾ ഉത്തമരും ആത്മാർഥരുമായ ആളുകളെ അല്ലാഹു നിങ്ങളിൽ പ്രവേശിപ്പിക്കുന്നതാണ്. അവർക്ക് എന്തെങ്കിലും രീതിയിലുള്ള ശിക്ഷ നല്കാനോ നിയന്ത്രണങ്ങൾ ഏർപെടുത്താനോ ഒരു ഭരണകൂടത്തിനും സംഘത്തിനും വ്യക്തിക്കും അവകാശമില്ല. മതപരിത്യാഗം ചെയ്യുന്നയാൾക്ക് ഇസ്ലാമിൽ ശിക്ഷയുണ്ടെന്നുള്ള കാര്യം അബദ്ധജടിലവും അടിസ്ഥാനരഹിതവുമായ ആരോപണമാണ്. ഇസ്ലാമികാധ്യാപനങ്ങളുടെ അച്ചുതണ്ടും കേന്ദ്രവും അല്ലാഹുവിന്റെ സത്തയാണ്. അല്ലാഹു സകല മനുഷ്യരുടേയും പരിപാലകനാണ്. അതിന്റെ ഉദ്ദേശ്യം ഇസ്ലാമിന്റെ പേരിൽ ഭീകരവും ദ്രോഹപരവുമായ പ്രവർത്തനങ്ങൾ നടത്തിക്കൊണ്ടിരിക്കുന്നവർ അല്ലാഹുവിനെ സർവലോക പരിപാലകനായി വിശ്വസിക്കാത്തവരാണെന്നാണ്. അല്ലെങ്കിൽ അവർ അല്ലാഹുവിനെ റബ്ബുൽആലമീനായി വിശ്വസിക്കുന്നുണ്ട് പക്ഷേ, അവർക്ക് അതിനെക്കുറിച്ച് ഗ്രാഹ്യമില്ലെന്നാണ്. ഇക്കാരണത്താൽ അവർ ഇസ്ലാമിന്റെ യഥാർഥ അധ്യാപനങ്ങളിൽനിന്ന് വളരെ അകലെയാണ് വീണുകിടക്കുന്നത്.

ശേഷം പേജ് 7ൽ

# ഖുത്ബ ജുമുഅ

**കർമശാസ്ത്രപരമായ വിവിധ ചോദ്യങ്ങൾ ചോദിക്കുന്നവർക്ക് ഹദ്റത്ത് മസീഹ് മൗഊദ്(അ) നേരിട്ട് മറുപടി നല്കാറുണ്ടായിരുന്നു. ചിലപ്പോൾ മറ്റു ഉലമാക്കളുടെ അടുക്കലേക്കും പറഞ്ഞു വിടാറുണ്ടായിരുന്നു. പക്ഷേ, വളരെ ചെറുതെന്ന് തോന്നുന്ന ധാരാളം ചോദ്യങ്ങളുണ്ട്. ഇതിൽ ജമാഅത്തിന്റെ ഉലമാക്കൾക്കും അവിടന്ന് തെറ്റു തിരുത്തിക്കൊടുക്കാറുണ്ടായിരുന്നു. ആ വിവിധ സന്ദർഭങ്ങളിലും വിവിധ മജ്ലിസുകളിലും വിവരിച്ചിട്ടുള്ള കർമശാസ്ത്രപരമായ കാര്യങ്ങൾ ഇപ്പോൾ നിളാറത്ത് ഇശാഅത്ത് പാക്കിസ്താൻ കഠിനാധ്വാനത്തോടുകൂടി ചില ഉലമാക്കൾ മുഖേന സമാഹരിച്ചിരിക്കുന്നു. അവരിൽ ജാമിഅയിലെ ഫിഖ്ഹിന്റെ പ്രൊഫസറും വിദ്യാർഥികളുമുണ്ട്. ഈ ഗ്രന്ഥം 'ഫിഖ്ഹുൽ മസീഹ്' എന്ന പേരിൽ ഇവിടെ അച്ചടിക്കപ്പെട്ടിരിക്കുന്നു. വിവിധ മസ്അലകളെ കുറിച്ച് അറിയുന്നതിന് ജമാഅത്തംഗങ്ങളും ആ ഗ്രന്ഥം വാങ്ങേണ്ടതാണ്.**

**ഖസ്ർ നമസ്കാരം, ജുമുഅ നമസ്കാരത്തോടൊപ്പം അസ്ർ ജംഅ്ആക്കിയാൽ ജുമുഅയ്ക്കുമുമ്പേയുള്ള സുന്നത്ത് നിർവഹണം, യാത്രയിൽ ജുമുഅ നമസ്കരിക്കൽ, പ്രത്യേക അവസരങ്ങളിൽ ദീപാലങ്കാരം നടത്തൽ, പടക്കം പൊട്ടിക്കൽ തുടങ്ങിയ കാര്യങ്ങളെ സംബന്ധിച്ച് ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ നിർദേശങ്ങളുടെ ചർച്ച.**

**സാഹിവാൾ ജില്ല അമീറായിരുന്ന ഡോക്ടർ അത്താവുർറഹ്മാൻ സാഹിബിന്റെ ഭാര്യ അമത്തുൽ ഹഫീള് റഹ്മാൻ സാഹിബയെ കുറിച്ചുള്ള അനുസ്മരണവും ജനാസഗായിബും.**

**ഖുത്ബ ജുമുഅ സയ്യിദുനാ അമീറുൽ മുഅ്മിനീൻ ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് അയ്യദഹുല്ലാഹുത്തആല ബിനസ്രിൽ അസീസ്**

**2016 ഏപ്രിൽ 22/1395 ശഹാദത്ത് 22**
**മസ്ജിദ് ബയ്ത്തുൽ ഫുത്തൂഹ് ലണ്ടൻ**

اَشْهَدُ اَنْ لَّا اِلٰهَ اِلَّا اللّٰهُ وَحْدَهٗ لَا شَرِيْكَ لَهٗ وَاَشْهَدُ اَنَّ مُحَمَّدًا عَبْدُهٗ وَرَسُوْلُهٗ

اَمَّا بَعْدُ فَاَعُوْذُ بِاللّٰهِ مِنَ الشَّيْطٰنِ الرَّجِيْمِ - بِسْمِ اللّٰهِ الرَّحْمٰنِ الرَّحِيْمِ

اَلْحَمْدُ لِلّٰهِ رَبِّ الْعٰلَمِيْنَ - اَلرَّحْمٰنِ الرَّحِيْمِ - مٰلِكِ يَوْمِ الدِّيْنِ - اِيَّاكَ نَعْبُدُ وَاِيَّاكَ نَسْتَعِيْنُ -

اِهْدِنَا الصِّرَاطَ الْمُسْتَقِيْمَ - صِرَاطَ الَّذِيْنَ اَنْعَمْتَ عَلَيْهِمْ غَيْرِ الْمَغْضُوْبِ عَلَيْهِمْ وَلَا الضَّآلِّيْنَ -

ഹദ്റത്ത് മുസ്ലിഹ് മൗഊദ്(റ) മനുഷ്യന് രണ്ടുകാര്യങ്ങളുടെ പവിത്രത വളരെ ആവശ്യമാണെന്നുള്ള വിഷയം ഒരിക്കൽ വിവരിക്കുകയായിരുന്നു. അവയിലൊന്ന് വിചാരവും ചിന്തയുമാണ്. രണ്ടാമത്തേത് സൂക്ഷ്മമായ വികാരങ്ങളാണ്. നന്മ ചെയ്യാനുള്ള വികാരങ്ങളാണ്. മനുഷ്യന്റെ ആഴത്തിലുള്ള വികാരങ്ങൾ. അതായത് വികാരങ്ങളുടെ ബോധം. മനസ്സുകളുടെ പവിത്രതകൊണ്ടുണ്ടാകുന്ന താൽക്കാലിക വികാരങ്ങളല്ല. മനസ്സ് തികവാർന്ന നിലയിൽ പവിത്രമായിരിക്കുമ്പോഴാണ് സ്ഥിരമായി നിലനില്ക്കുന്ന നന്മയും പരിശുദ്ധമായ വികാരങ്ങളും ഉണ്ടാകുന്നത്. ചിന്തകളുടെ വിശുദ്ധി-അതായത് ശ്രദ്ധയും വിചാരവും ചിന്തയും എപ്പോഴും സംശുദ്ധമായിരിക്കുന്നതിന് അറബിയിൽ പറയുന്നത് 'തൻവീർ' (പ്രകാശിപ്പിക്കൽ) എന്നാണ്- ബുദ്ധിയുടെ സംശുദ്ധിയിൽ നിന്നാണ് ലഭിക്കുന്നത്. മനുഷ്യന്റെ ഉള്ളിൽ എപ്പോഴും ശരിയായ ചിന്ത ഉണ്ടാക്കുംവിധമുള്ള പ്രകാശം സൃഷ്ടിക്കുന്ന കാര്യത്തിനാണ് 'തൻവീർ' എന്നു പറയുന്നത്. അധ്വാനംകൊണ്ട് പരിശുദ്ധ ചിന്ത ഉണ്ടാക്കുക എന്നതല്ല തൻവീർ. പ്രത്യുത ഒരിക്കലും ദുഷ്ചിന്തകൾ വരാത്തവണ്ണം എപ്പോഴും ശരിയായ ചിന്തകൾ ഉണ്ടായിക്കൊണ്ടിരിക്കുന്ന കഴിവുണ്ടാകുക. ഇക്കാര്യങ്ങൾ നിരന്തരമായ ശ്രമവും അല്ലാഹുവിന്റെ അനുഗ്രഹവും ഒന്നുകൊണ്ടുമാത്രമേ ഉണ്ടാകുകയുള്ളൂ എന്നത് വ്യക്തമാണ്. ഹദ്റത്ത് മുസ്ലിഹ് മൗഊദ്(റ) ഇതിനെക്കുറിച്ചു പറയുന്നു: 'ഞാനിത് ഹദ്റത്ത് മസീഹ് മൗഊദ്(അ)ൽനിന്ന് നേരിട്ട് കേട്ടതാണ്. ചിലപ്പോൾ ആ മഹാത്മാവിനോട് കർമശാസ്ത്രപരമായ ചോദ്യമെന്തെങ്കിലും ചോദിക്കുമ്പോൾ- അത്തരം കാര്യങ്ങൾ അധികവും ഓർമയുണ്ടാകുന്നത് എപ്പോഴും അതേ ജോലിയിൽ വ്യാപൃതരായിരിക്കുന്നവർക്കാണല്ലോ- മിക്കപ്പോഴും അവിടന്ന് പറയുന്നത് മൗലവി നൂറുദ്ദീൻ സാഹിബിനോട് ചോദിക്കുക എന്നായിരിക്കും. അല്ലെങ്കിൽ മൗലവി അബ്ദുൽകരീം സാഹിബിനോട് ചോദിക്കാൻ നിർദ്ദേശിക്കും. അല്ലെങ്കിൽ മൗലവി സയ്യിദ് അഹ്സൻ സാഹിബിനോട് ചോദിക്കാൻ പറയും. അല്ലെങ്കിൽ മറ്റേതെങ്കിലും മൗലവിമാരുടെ പേര് നിർദേശിക്കും. ദൈവനിയോഗിതനെന്ന നിലയിൽ ലോകത്തിന് മാർഗദർശം നല്കേണ്ട അത്യാവശ്യ കാര്യമാണ് അതെന്ന് കണ്ടാൽ അവിടന്ന് നേരിട്ട് അക്കാര്യം വിശദീകരിച്ചുകൊടുക്കും. എന്നാൽ, ആധുനിക സാങ്കേതിക പ്രശ്നങ്ങളുമായി ബന്ധമില്ലാത്ത കാര്യമാണെങ്കിൽ, ഇന്ന മൗലവിയോടു ചോദിക്കാൻ പറയും. ആ മൗലവി സാഹിബ് സദസ്സിലിരിപ്പുണ്ടെങ്കിൽ ഇക്കാര്യം എന്താണെന്ന് അദ്ദേഹത്തോടു ചോദിക്കുകയും ചെയ്യും. ഇന്ന മൗലവിയോടു ചോദിക്കാൻ പറയുന്നതിനോടൊപ്പം, ഇക്കാര്യം ഇങ്ങനെയായിരിക്കും എന്നാണ് താൻ വിചാരിക്കുന്നതെന്ന് അവിടന്ന് ചില ഘട്ടങ്ങളിൽ പറയാറുമുണ്ടായിരുന്നു. എന്നിട്ടു പറയും: 'ഏതെങ്കിലും കാര്യത്തെ കുറിച്ച് അറിവില്ലാതിരുന്നിട്ടും, അതിനെ സംബന്ധിച്ച് നമ്മുടെ പ്രകൃതിയിൽനിന്ന് ഉയർന്നുവന്ന മറുപടിക്കുശേഷം അക്കാര്യം അതേരീതിയിൽ ഹദീഥുകൊണ്ടും സുന്നത്തുകൊണ്ടും സ്ഥാപിതമായത് നാം പരീക്ഷിച്ചറിഞ്ഞിട്ടുള്ളതാണ്.'

ഹദ്റത്ത് മുസ്ലിഹ് മൗഊദ്(റ) പറയുന്നു: ഇക്കാര്യത്തിനാണ് തൻവീർ എന്നു പറയുന്നത്; 'മനുഷ്യബുദ്ധിയിൽ ഉണ്ടാകുന്ന ചിന്താഗതികൾ ശരിയായിരിക്കുക. താനിപ്പോൾ ആരോഗ്യവാനാണെന്ന് മനുഷ്യൻ പറയുന്നതും ഒരു ആരോഗ്യമാണ്. അവൻ ഭാവിയിൽ ആരോഗ്യവാനായിരിക്കുന്നതും ഒരു ആരോഗ്യമാണ്. അതിനാൽ ആ ചിന്തയെ ശരിവെക്കുന്നതാണ് തൻവീർ. ഇതിന്റെ ഫലമായി ഭാവിയിലുണ്ടാകുന്ന ചിന്താഗതികളും ശരിയായിട്ടുള്ളതായിരിക്കണം. അവിടന്ന് പറയുന്നു: ആത്മീയാഭിവൃദ്ധിക്ക് തൻവീറെ ഫിക്ർ- ചിന്തയെ പ്രകാശിപ്പിക്കൽ- അനിവാര്യമാകുന്നപോലെ ആത്മീയാഭിവൃദ്ധിക്ക് ഭയഭക്തിയും പരിശുദ്ധിയും അനിവാര്യമാണ്. യാഥാർഥ്യമെന്താണെന്നുവെച്ചാൽ, തൻവീർ എന്നതിന്റെ അർഥം ബുദ്ധിയുമായി ബന്ധപ്പെടുത്തി പറയുന്നതുപോലെതന്നെ തഖ്വയുടെ അർഥം മനസ്സുമായി ബന്ധപ്പെടുത്തിയുള്ളതാണ്. ആളുകൾ സാധാരണയായി നന്മയേയും തഖ്വ അഥവാ ഭക്തിയേയും ഒരേയൊരു കാര്യമായിട്ടാണ് മനസ്സിലാക്കുന്നത്. വാസ്തവത്തിൽ നന്മ എന്നു പറയുന്നത് നമ്മൾ ചെയ്തുകഴിഞ്ഞിട്ടുള്ളതോ ചെയ്യണമെന്ന് തീരുമാനിച്ചിട്ടുള്ളതോ ആയ സൽകർമമാണ്. തഖ്വ എന്നത്, മനുഷ്യന്റെ ഉള്ളിൽ ഭാവിയിലുണ്ടാകുന്ന വികാരങ്ങൾ നല്ലതായിരിക്കണമെന്നതാണ്. പറഞ്ഞുകഴിഞ്ഞതുപോലെ ശ്രദ്ധയും ചിന്തയും വിചാരവും ബുദ്ധിയുമായി ബന്ധപ്പെട്ടതാണ്. ഇത് തൻവീറാകുന്നു. വികാരങ്ങൾ നന്മയിൽ എപ്പോഴും നിലകൊള്ളുക എന്നതാണ് തഖ്വ. അതിന്റെ കാര്യം മനസ്സുമായിട്ടാണ്. ഒരു മനുഷ്യന് ചിന്തകളുടെ പ്രകാശനവും മനസ്സിന്റെ ഭക്തിയും ലഭിക്കുമ്പോൾ അവൻ ദുഷ്കർമങ്ങളുടെ ആക്രമണത്തിൽനിന്ന് സുരക്ഷിതനായിരിക്കുന്നു. തിന്മയുടെ ആക്രമണങ്ങളിൽ നിന്ന് സുരക്ഷിതനായിരിക്കുമ്പോൾ, അത്തരം മനുഷ്യൻ അല്ലാഹുവിന്റെ അനുഗ്രഹത്തിന്റെ കീഴെ വന്നെത്തുന്നു.'(അൽഫള്ൽ 1938 മാർച്ച് 9 പേജ് 2 വാല്യം 26 നമ്പർ 55)

സാധാരണ കാര്യങ്ങളിൽ ഹദ്റത്ത് മസീഹ് മൗഊദ്(അ) ചോദ്യങ്ങൾ ചോദിക്കുന്ന ചിലരെ ജമാഅത്തിന്റെ മറ്റു ആലിംകളുടെ അടുക്കലേക്ക് പറഞ്ഞയക്കാറുണ്ടായിരുന്നു എന്ന് ഹദ്റത്ത് മുസ്ലിഹ് മൗഊദ്(റ)പറയുകയുണ്ടായി. പക്ഷേ, വളരെ ചെറുതെന്ന് തോന്നുന്ന ധാരാളം ചോദ്യങ്ങളുണ്ട്. ഇതിൽ ജമാഅത്തിന്റെ ഉലമാക്കൾക്കും

അവിടന്ന് തെറ്റു തിരുത്തിക്കൊടുക്കുമായിരുന്നു. ഉദാഹരണത്തിന് യാത്രയിൽ നമസ്കാരം ഖസ്റാക്കുന്ന കാര്യം. ഖസ്ർ നമസ്കരിക്കാനുള്ള കല്പന നടപ്പിൽവരുത്താൻ പറ്റിയ യാത്രയാണോ എന്ന് എങ്ങനെയാണ് മനസ്സിലാക്കേണ്ടത്? ഹദ്റത്ത് മസീഹ് മൗഊദ്(അ)പറഞ്ഞു: മനുഷ്യൻ ഒരുപാട് കഷ്ടപ്പാടുകൾ തന്റെമേൽ ഇടരുതെന്നാണ് എന്റെ മതം.(ധാരാളം ബുദ്ധിമുട്ടുകൾ വലിച്ച് തലയിലിടാതിരിക്കുക). സാധാരണനിലയിൽ ഏതൊന്നിനെയാണോ യാത്ര എന്നു പറയുന്നത് അത് രണ്ടോ മൂന്നോ മൈലാണെങ്കിലും വേണ്ടില്ല അതിൽ ഖസ്റും യാത്രയുടെ കാര്യങ്ങളും അനുസരിച്ച് പ്രവർത്തിക്കുക. ഇന്നമൽ അഅ്മാലു ബിന്നിയ്യാത്തി ഉദ്ദേശ്യത്തിന്റെ അടിസ്ഥാനത്തിലാണ് കർമങ്ങളുടെ ഫലം. പറഞ്ഞു: 'ചിലപ്പോൾ നാം നമ്മുടെ സ്നേഹിതന്മാരോടൊപ്പം രണ്ടും മൂന്നും മൈൽ പ്രഭാതസവാരി ചെയ്യാറുണ്ട്. പക്ഷേ, തങ്ങൾ യാത്രയിലാണെന്ന് ആർക്കും തോന്നിയിട്ടില്ല. എന്നാൽ, തന്റെ ഭാണ്ഡക്കെട്ടുമെടുത്ത് യാത്ര ചെയ്യുന്നു എന്ന ഉദ്ദേശ്യത്തോടെ പുറപ്പെട്ടുപോകുന്നവനാണ് യാത്രക്കാരൻ.'(മൽഫൂദാത്ത് വാല്യം 2 പേജ് 211, 1985 ലണ്ടൻ പതിപ്പ്)

ഇതാണ് കാര്യം. ഇതിൽനിന്ന് വ്യക്തമാകുന്നത് നിങ്ങൾ യാത്ര എന്ന ഉദ്ദേശ്യത്തോടെ ചെയ്യുന്നതാണ് യാത്ര എന്നാണ്. കഴിഞ്ഞ ദിവസം ഞാൻ ഇവിടെ ലേസസ്റ്റർ(Leicester)ലെ മസ്ജിദ് ഉൽഘാടനത്തിന് പോയിരുന്നു. അവിടെ ഞാൻ ഇശാ നമസ്കാരം മുഴുവൻ റക്അത്തുകളും നമസ്കരിച്ചു. അപ്പോൾ എന്തുകൊണ്ട് ഖസ്റാക്കിയില്ല എന്ന ചോദ്യം ചിലർക്കുണ്ടായി. ആ സമയത്ത് എന്റെ മനസ്സിലുണ്ടായിരുന്നത് ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഭാണ്ഡക്കെട്ടുമെടുത്തുകൊണ്ട് യാത്ര ചെയ്യുന്നുവെന്ന ഉദ്ദേശ്യത്തോടെ ചെയ്യുന്നതാണ് യാത്ര എന്ന ഉപദേശമായിരുന്നു. ഇത്തരത്തിലുള്ള ഒരു യാത്ര ആയിരുന്നില്ല ഇത്. എനിക്ക് ഉടനെ തിരിച്ചുപോരണമായിരുന്നു. അതുകൊണ്ട് ഞാൻ ഖസ്റാക്കിയില്ല. പിന്നീട് ഇന്നമൽ അഅ്മാലു ബിന്നിയ്യാത്തി ഉദ്ദേശ്യത്തിന്റെ അടിസ്ഥാനത്തിലാണ് കർമങ്ങളുടെ ഫലം എന്നതും മുന്നിൽ വെക്കുക. ഇതു മുമ്പിലുണ്ടെങ്കിൽ മനുഷ്യന് കൂടുതൽ കഷ്ടപ്പാടുകൾ വഹിക്കേണ്ടിവരുകയില്ല. ആവശ്യത്തെക്കാളേറെ സൗകര്യങ്ങളും തിരക്കി നടക്കേണ്ടി വരുകയുമില്ല. കാരണം അല്ലാഹുവിന്റേയും അവന്റെ റസൂലിന്റേയും കല്പനകളനുസരിച്ച് പ്രവർത്തിക്കുക എന്നത് മാത്രമായിരിക്കും ഉദ്ദേശ്യം.

ഇതിനെ കൂടുതൽ വ്യക്തമാക്കിക്കൊണ്ട് ഹദ്റത്ത് മസീഹ് മൗഊദ്(അ) ഒരു സ്ഥലത്ത് പറയുന്നു: അതേ.....സ്വന്തം നിയ്യത്ത് നല്ലവണ്ണം നോക്കുക. അത്തരത്തിലുള്ള എല്ലാ കാര്യങ്ങളിലും തഖ്വ വളരെ ശ്രദ്ധിക്കേണ്ടതാണ്. ഒരാൾ എല്ലാദിവസവും സാധാരണയായിട്ടുള്ള കച്ചവടത്തിനോ മറ്റോ യാത്രചെയ്യുകയാണെങ്കിൽ അതു യാത്രയല്ല. പ്രത്യേകമായും മനുഷ്യൻ ചെയ്യുന്നതും ആ ഒരു ജോലിക്കുവേണ്ടി വീട് വിട്ട് പോകുന്നതുമാണ് പൊതുവെ യാത്ര എന്ന് പറയപ്പെടുന്നത്. നോക്കൂ, നാം സാധാരണ രണ്ടും മൂന്നും മൈൽ നിത്യവും നടക്കാൻ പോകാറുണ്ട്. എന്നാൽ, അത് യാത്ര അല്ല. അത്തരം അവസരത്തിൽ മനഃസംതൃപ്തി നോക്കേണ്ടതാണ്. അത് ഒരു മടിയുംകൂടാതെ ഇത് യാത്രയാണെന്ന് ഫത്വ തന്നാൽ ഖസ്റാക്കിക്കൊള്ളുക. ഇസ്തഫ്ത്തി ഖൽബക്ക (നിന്റെ മനസ്സിനോടു ഫത്വ ചോദിക്കുക)അനുസരിച്ച് പ്രവർത്തിണ്ടതാണ്. പിന്നീടു പറഞ്ഞു. ആയിരം ഫത്വ ഉണ്ടായിക്കോട്ടെ. എങ്കിലും മുഅ്മിന്റെ സദുദ്ദേശ്യംകൊണ്ട് മനഃസംതൃപ്തിയാണ് നല്ല കാര്യം.'(മൽഫൂദാത്ത് വാല്യം 10 പേജ് 99–100, 1985 ലണ്ടൻ പതിപ്പ്) അതുകൊണ്ട് നിയ്യത്തും മനസ്സിന്റെ ഫത്വയും ചില സന്ദർഭങ്ങളിൽ എടുക്കേണ്ടതാണ്. നിയ്യത്ത് എപ്പോഴും നല്ലതായിരിക്കണം. ആ നല്ല നിയ്യത്തിനോടൊപ്പം മനസ്സിനോടു ഫത്വയും ചോദിക്കുക.

ഇവിടെ മർക്കസിൽ വരുന്നവർ ഖസ്റാക്കണോ? എന്ന് ആരോ ചോദിച്ചു. ഹദ്റത്ത് മസീഹ് മൗഊദ്(അ)നോടാണ് ഇത് ചോദിച്ചത്. ഇപ്പോഴും ചിലർ ചോദിക്കാറുണ്ട്. കേന്ദ്രത്തിൽ പോയാൽ ഖസ്റില്ലെന്നാണ്ചിലർ ധരിക്കുന്നത്. ഖാദിയാനിലോ റബ്വയിലോ പോയിരുന്നപ്പോൾ അല്ലെങ്കിൽ ഇവിടെ ചിലയാളുകൾ വരാറുണ്ട്-ഹദ്റത്ത് മസീഹ് മൗഊദ്(അ)പറഞ്ഞു, മൂന്നു ദിവസത്തിനുവേണ്ടി ഇവിടെ വരുന്നവർക്ക് ഖസ്ർ അനുവദനീയമാണ്. എന്റെ അറിവിൽ മുൻനിശ്ചയപ്രകാരമുള്ള യാത്രയാണെങ്കിൽ അത് രണ്ടോ മൂന്നോ മൈൽ യാത്രയാണെങ്കിൽത്തന്നെ അതിൽ ഖസ്ർ അനുവദനീയമാണ്. ഇമാം സ്ഥലവാസിയാണെങ്കിൽ അയാളുടെ പിന്നിൽ മുഴുവനും നമസ്കരിക്കേണ്ടതാണ്. എവിടെ പോയാലും, കേന്ദ്രത്തിലോ മറ്റെവിടെയാണെങ്കിലും അവിടെ തദ്ദേശവാസിയാണ് ഇമാമെങ്കിൽ അദ്ദേഹം മുഴുവനും നമസ്കരിപ്പിക്കുന്നതായിരിക്കും. അപ്പോൾ യാത്രക്കാരനാണെങ്കിൽത്തന്നെ അയാളുടെ പിന്നിൽ മുഴുവൻ റക്അത്തും നമസ്കരിക്കേണ്ടതാണ്. പറഞ്ഞു, ഭരണാധികാരികളുടെ പര്യടനം യാത്രയല്ല. പര്യടനത്തിനായി പോകുന്നവർ, ഓഫീസർമാർ അവരുടെ യാത്ര, യാത്രയല്ല. അത് തന്റെ തോട്ടത്തിൽ ആരെങ്കിലും നടക്കാൻ പോകുന്നതു പോലെയാണ്.' (മൽഫൂദാത്ത് വാല്യം 5 പേജ് 311, 1985 ലണ്ടൻ പതിപ്പ്)

ഹദ്റത്ത് മസീഹ് മൗഊദ്(അ) ചില ഘട്ടങ്ങളിൽ തന്റെ സ്വഹാബക്കളുടെ പ്രശ്നങ്ങൾ എങ്ങനെയാണ് പരിഹരിച്ചു കൊടുത്തിരുന്നത്? ഇതു സംബന്ധിച്ച് ഖാളി അമീർ ഹുസയ്ൻ സാഹിബ് പറയുന്നു: സാധാരണ അവസ്ഥകളിൽ യാത്രയിലായിരിക്കുമ്പോൾ ഖസ്ർ നമസ്കാരം അനുവദനീയമല്ലെന്നും യുദ്ധാവസ്ഥയിൽ, കുഴപ്പമുണ്ടാകുമെന്ന ഭീതിയുള്ളപ്പോൾ മാത്രമേ ഖസ്ർ അനുവദനീയമാകുകയുള്ളൂവെന്നുമുള്ള അഭിപ്രായക്കാരനായിരുന്നു ഞാൻ. ഇക്കാര്യത്തിൽ ഖലീഫ അവ്വലുമായി വാദപ്രതിവാദം നടത്താറുമുണ്ടായിരുന്നു. ഖാളി സാഹിബ് പറയുന്നു. ഹദ്റത്ത് മസീഹ് മൗഊദ്(അ) കേസിനായി ഗുരുദാസ്പൂരിൽ വന്നപ്പോൾ ഒരു പ്രാവശ്യം ഞാനും അവിടെ പോയി. ഹദ്റത്ത് മസീഹ് മൗഊദ്(അ) നോടൊപ്പം അവിടെ മൗലവി സാഹിബ് അതായത് ഹദ്റത്ത് ഖലിഫത്തുൽ മസീഹ് അവ്വലും മൗലവി അബ്ദുൽ കരീം സാഹിബും ഉണ്ടായിരുന്നു. ളുഹ്ർ നമസ്കാരത്തിന് സമയമായപ്പോൾ ഹദ്റത്ത് മസീഹ് മൗഊദ്(അ) എന്നോട് നമസ്കരിപ്പിക്കാൻ പറഞ്ഞു. (അതായത് ഖാളി സാഹിബിനോട് നമസ്കരിപ്പിക്കാൻ പറഞ്ഞു.) ഇന്ന് എനിക്ക് അവസരം കിട്ടിയിരിക്കുകയാണെന്നും അതുകൊണ്ട് ഖസ്റാക്കുകയില്ലെന്നും ഞാൻ ദൃഢമായും മസ്സിൽ ഉറപ്പിച്ചു. അങ്ങനെ ഇതിനൊരു തീരുമാനവും ആകുമല്ലോ. ഖസ്റാക്കാതെ തികച്ചും നമസ്കരിക്കുമ്പോൾ ഹദ്റത്ത് മസീഹ് മൗഊദ്(അ)നേരിട്ട് വിധി കല്പിക്കുകയും ചെയ്യും. ഖാളി സാഹിബ് പറയുന്നു: ഞാൻ അങ്ങനെ തീരുമാനിച്ച് അല്ലാഹു അക്ബർ പറയാൻ കൈയുയർത്തിയതേയുള്ളൂ, ഹദ്റത്ത് മസീഹ് മൗഊദ്(അ) എന്റെ പിന്നിൽ വലതുഭാഗത്ത് നില്ക്കുകയായിരുന്നു, പെട്ടെന്ന് ചുവട് മുന്നോട്ടു വച്ച് എന്റെ ചെവിയോടു ചേർത്ത് വായ മുട്ടിച്ച്, 'ഖാളി സാഹിബേ! രണ്ടല്ലേ നമസ്കരിക്കൂ'എന്ന് ചോദിച്ചു. ഞാൻ പറഞ്ഞു, 'ഹുദൂർ രണ്ടേ നമസ്കരിക്കുകയുള്ളൂ.' ഖാളി സാഹിബ് പറയുന്നു. ആ സമയം മുതൽ നമ്മുടെ പ്രശ്നം പരിഹരിക്കപ്പെട്ടു. എന്റെ ചിന്താഗതി ഞാൻ ഉപേക്ഷിക്കുകയും ചെയ്തു.' (സീറത്തുൽ മഹ്ദി വാല്യം 1 പേജ് 24–25 നിവേദനം നമ്പർ 33) ഇപ്രകാരമായിരുന്നു സ്വഹാബാക്കളുടെ കർമങ്ങൾ. വിശാല ഹൃദയത്തോടുകൂടി എത്രപെട്ടെന്നാണ് അവർ തീരുമാനമെടുത്തിരുന്നത്.

ഉപോൽബലകമായി ഇതുംകൂടെ പറയട്ടെ. ഹദ്റത്ത് മസീഹ് മൗഊദ്(അ) വിവിധ സന്ദർഭങ്ങളിൽ കർമശാസ്ത്രപരമായ കാര്യങ്ങൾ വിശദീകരിക്കുക ഉണ്ടായിട്ടുണ്ട്. അല്ലാതെ എല്ലാ കാര്യങ്ങളും ഉലമാക്കളിലേക്ക് തിരിച്ചുവിട്ടു എന്നല്ല പറഞ്ഞതിന്റെ ഉദ്ദേശ്യം. അവിടന്ന് സ്വയംതന്നെയും കാര്യങ്ങൾ വിവരിക്കാറുണ്ടായിരുന്നു. ആ വിവിധ സന്ദർഭങ്ങളിലും വിവിധ മജ്ലിസുകളിലും വിവരിച്ചിട്ടുള്ള കർമശാസ്ത്രപരമായ കാര്യങ്ങൾ ഇപ്പോൾ നിളാറത്ത് ഇശാഅത്ത് പാക്കിസ്താൻ കഠിനാദ്ധ്വാനത്തോടുകൂടി ചില ഉലമാക്കൾ മുഖേന സമാഹരിച്ചിരിക്കുന്നു. അവരിൽ ജാമിആയിലെ ഫിഖ്ഹിന്റെ പ്രൊഫസറും വിദ്യാർഥികളുമുണ്ട്. ഈ ഗ്രന്ഥം 'ഫിഖ്ഹുൽ മസീഹ്' എന്ന പേരിൽ ഇവിടെ അച്ചടിക്കപ്പെട്ടിരിക്കുന്നു. വിവിധ മസ്അലകളെ കുറിച്ച് അറിയുന്നതിന് ജമാഅത്തംഗങ്ങളും ആ ഗ്രന്ഥം വാങ്ങേണ്ടതാണ്. ഈ എല്ലാ കാര്യങ്ങളും അല്ലെങ്കിൽ ഇത്തരം കർമശാസ്ത്രപരമായ കാര്യങ്ങൾ വളരെ നല്ല നിലയിൽ സമാഹരിക്കുകയും ക്രോഡീകരിക്കുകയും ചെയ്ത എല്ലാവർക്കും അല്ലാഹു പ്രതിഫലം നല്കുമാറാകട്ടെ. എന്തായാലും സമയവും സന്ദർഭവും കിട്ടുമ്പോൾ ഞാനും അക്കാര്യങ്ങൾ വിവരിച്ചുകൊണ്ടിരിക്കുന്നതാണ്.

ജുമുഅ നമസ്കാരത്തോടൊപ്പം അസ്ർ നമസ്കാരം ജംആക്കി നമസ്കരിക്കുകയാണെങ്കിൽ ജുമുഅ നമസ്കാരത്തിനു മുമ്പേയുള്ള സുന്നത്ത് നമസ്കരിക്കേണ്ടതുണ്ടോ? ഇത് വിശദീകരിച്ചുകൊണ്ട് ഹദ്റത്ത് മസീഹ് മൗഊദ്(അ)നെ ഉദ്ധരിച്ച് ഹദ്റത്ത് മുസ്ലിഹ് മൗഊദ്(റ) പറയുന്നു: എന്നോടു ചോദിക്കപ്പെട്ടു. ഹദ്റത്ത് മുസ്ലിഹ് മൗഊദ്(റ)യാത്രയിലായിരുന്നു. അവിടെയാണ് ചോദിക്കപ്പെട്ടത്. അപ്പോൾ ജുമുഅ നമസ്കാര നേരത്ത് ചില സുഹൃത്തുക്കളിൽ ഭിന്നാഭിപ്രായമുണ്ടായി. നമസ്കാരം ജംആക്കുകയാണെങ്കിൽ മുമ്പേയും പിമ്പേയും ഇടയ്ക്കുമുള്ള സുന്നത്തുകൾ മാപ്പാണെന്നത് ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഫത്വയാണ്. ളുഹ്റും അസ്റും നമസ്കാരങ്ങൾ ജംആക്കിയാൽ മുമ്പേയും ഇടയ്ക്കുമുള്ള സുന്നത്തുകൾ മാപ്പാണെന്നതിൽ സംശയമില്ല. അല്ലെങ്കിൽ മഗ്രിബും ഇശായും ജംആക്കുകയാണെങ്കിൽ ഇടയ്ക്കും അവസാനവുമുള്ള സുന്നത്തുകൾ മാപ്പാക്കപ്പെടും. പക്ഷേ, അവിടന്ന് പറയുന്നു, ഒരു യാത്രയിൽ എന്നോടൊപ്പമുണ്ടായിരുന്ന ഒരു സ്നേഹിതനാണ് ഇതുവിവരിച്ചത്. ഞാൻ ജുമുഅയും അസ്റും ജംആക്കി നമസ്കരിച്ചു. ജുമുഅക്ക് മുമ്പേയുള്ള സുന്നത്തും നമസ്കരിച്ചു. ഈ രണ്ട് കാര്യങ്ങളും ശരിയാണ്. നമസ്കാരം ജംആകുന്ന അവസരത്തിൽ സുന്നത്ത് മാപ്പാക്കപ്പെടുന്നു എന്ന കാര്യവും ശരിയാണ്. നബി(സ) ജുമുഅ നമസ്കാരത്തിന് മുമ്പേയുള്ള സുന്നത്തുകൾ നമസ്കരിക്കാറുണ്ടായിരുന്നു എന്നതും ശരിയാണ്. ഞാൻ അത് യാത്രയിൽ നമസ്കരിച്ചു. നമസ്കരിക്കാറുമുണ്ട്. അതിനു കാരണം ജുമുഅ നമസ്കാരത്തിനു മുമ്പേ നമസ്കരിക്കുന്ന സുന്നത്തുകൾ ളുഹ്ർ നമസ്കാരത്തിനു മുമ്പേയുള്ള സുന്നത്തുകളിൽനിന്ന് വ്യത്യസ്തമാണ്. അവയെ യഥാർഥത്തിൽ നബി(സ) തിരുമേനി ജുമുഅയുടെ ആദരവ് പരിഗണിച്ചാണ് നിലനിറുത്തിയത്.

യാത്രയിൽ ജുമുഅ നമസ്കരിക്കുന്നതും അനുവദനീയമാണ്. ഉപേക്ഷിക്കുന്നതും അനുവദനീയമാണ്. അതായത് മനുഷ്യൻ യാത്രയിലാണെങ്കിൽ ജുമുഅ നമസ്കരിക്കാവുന്നതാണ്. ഉപേക്ഷിക്കാവുന്നതുമാണ്. ഉപേക്ഷിക്കാം എന്നതിന്റെ അർഥം നമസ്കരിക്കാതിരിക്കുക എന്നല്ല. ളുഹ്ർ നമസ്കരിക്കേണ്ടതാണ്. ഹദ്റത്ത് മുസ്ലിഹ് മൗഊദ്(റ) പറയുന്നു: ഞാൻ ഹദ്റത്ത് മസീഹ് മൗഊദ്(അ)നെ യാത്രാവേളയിൽ ജുമുഅ നമസ്കരിക്കുന്നതും കണ്ടിട്ടുണ്ട്. ജുമുഅ

നമസ്കരിക്കാത്തതും കണ്ടിട്ടുണ്ട്. ഒരിക്കൽ ഹദ്റത്ത് മസീഹ് മൗഊദ്(അ)ഒരു കേസ്സിന്റെ അവസരത്തിൽ ഗുരുദാസ്പൂരിൽ പോയിരിക്കുകയായിരുന്നു. അവിടെ ജോലിത്തിരക്കിലയിരുന്നു. നമ്മൾ യാത്രയിലായതുകൊണ്ട് ഇന്ന് ജുമുഅ ഉണ്ടായിരിക്കുകയില്ലെന്ന് അവിടന്ന് പറഞ്ഞു. ശുദ്ധ പ്രകൃതക്കാരനായ ഒരാൾ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ അടുക്കൽ വന്നിട്ട് ഇന്ന് ജുമുഅ ഉണ്ടായിരിക്കുകയില്ലെന്ന് അങ്ങ് പറഞ്ഞതായി ഞാൻ കേട്ടു എന്നു പറഞ്ഞു. ഇന്ന് ജുമുഅ ഇല്ലെന്ന് അവിടന്ന് അറിയിച്ചു. ഹദ്റത്ത് ഖലീഫത്തുൽമസീഹ് അവ്വൽ ആ നാളുകളിൽ ഗുരുദാസ്പൂരിൽ തന്നെ ഉണ്ടായിരുന്നു. എന്നാൽ, അന്നേ ദിവസം എന്തൊ കാര്യത്തിനായി ഖാദിയാനിൽപോയി. മൗലവി സാഹിബ് ഇല്ലാത്തതുകൊണ്ടായിരിക്കാം ഹദ്റത്ത് മസീഹ് മൗഊദ്(അ) ജുമുഅ ഉണ്ടാകുകയില്ലെന്ന് പറഞ്ഞതെന്ന് ആ സാഹിബ് കരുതി. അദ്ദേഹമായിരുന്നു നമസ്കരിപ്പിക്കാറുണ്ടായിരുന്നത്. അതുകൊണ്ട് ആ സാഹിബ് പറഞ്ഞു, ഹുദൂർ എനിക്ക് ജുമുഅ നമസ്കരിപ്പിക്കാൻ അറിയാം. ഹുദൂർ(അ)പറഞ്ഞു, ശരി. അറിയുമായിരിക്കാം. നമ്മൾ യാത്രയിലാണ്. അതുകൊണ്ട് ഇന്ന് ളുഹ്ർ നമസ്കരിക്കുന്നതാണ്. ആ സാഹിബ് പറഞ്ഞു, ഹുദൂർ! എനിക്ക് നല്ലവണ്ണം ജുമുഅ നമസ്കരിപ്പിക്കാൻ അറിയാം. ഞാൻ ഒരുപാട് പ്രാവശ്യം നമസ്കരിപ്പിച്ചിട്ടുമുണ്ട്. ആ സാഹിബിന് ജുമുഅ നമസ്കരിപ്പിക്കാൻ വളരെ താൽപര്യമാണെന്നു കണ്ടപ്പോൾ അവിടന്ന് പറഞ്ഞു, എന്നാൽപ്പിന്നെ ജുമുഅ ആയിക്കോട്ടെ."

ഹദ്റത്ത് മുസ്ലിഹ് മൗഊദ്(റ) പറയുന്നു: ഞാൻ ഹദ്റത്ത് മസീഹ് മൗഊദ്(അ)നെ യാത്രാവേളയിൽ ജുമുഅ നമസ്കരിക്കുന്നതും കണ്ടിട്ടുണ്ട്. ജുമുഅ നമസ്കരിക്കാത്തതും കണ്ടിട്ടുണ്ട്. യാത്രയിൽ ജുമുഅ നമസ്കരിക്കുകയാണെങ്കിൽ ഞാൻ ആദ്യത്തെ സുന്നത്തുകൾ നമസ്കരിക്കാറുണ്ട്. എന്റെ അഭിപ്രായത്തിൽ അത് നമസ്കരിക്കേണ്ടതാണ്. പൊതുവെയുള്ള ഫത്‌വ ഇതാണ്. കാരണം അത് സാധാരണ സുന്നത്തിൽനിന്ന് വ്യത്യസ്തമാണ്; ജുമുഅയെ ആദരിക്കുക എന്ന നിലയ്ക്കുള്ളതാണ്.(അൽഫള്ൽ 1942 മജനുവരി 24 പേജ് 1 വാല്യം 20 നമ്പർ 21)അതുകൊണ്ട് ജുമുഅ നമസ്കരിക്കുകയാണെങ്കിൽ അസ്ർ അതിനോടൊപ്പം ജംആക്കുന്ന സ്ഥിതിയിൽ ജുമുഅയ്ക്ക് മുമ്പേ നമസ്കരിക്കുന്ന രണ്ടു റക്അത്ത് സുന്നത്ത് നമസ്കരിക്കേണ്ടതാണ്.

മനുഷ്യജീവിതത്തിൽ സന്തോഷത്തിന്റെ അവസരങ്ങൾ വ്യക്തിപരമായും വരുന്നു. ജമഅത്തുപരമായ നിലയിലും വരുന്നു. ദേശീയമായ നിലയിലും വരുന്നു. സന്തോഷത്തിന്റെ അവസരങ്ങളിൽ അവയുടെ പ്രകടനങ്ങളും ഉണ്ടാകുന്നു. പക്ഷേ ചിലയാളുകൾ ഇതിൽ അതിമിതത്വത്തിനും അമിതത്വത്തിനും ഇരയാകാറുണ്ട്. അല്ലെങ്കിൽ സന്തോഷപ്രകടനത്തിന് അതിരില്ലാതെ പണം ചെലവഴിക്കുന്നു. അല്ലെങ്കിൽ മതത്തെ ഉദ്ധരിച്ചുകൊണ്ടോ മറ്റെന്തെങ്കിലുംപേരിലോ ബാഹ്യമായ സന്തോഷപ്രകടനം തികച്ചും പാപമാണെന്ന് മനസ്സിലാക്കപ്പെടുന്നു. ഇസ്ലാം രണ്ടുരീതിയേയും നിഷേധിക്കുന്നു. ഹദ്റത്ത് മസീഹ് മൗഊദ്(അ) ഇക്കാലത്ത് നമ്മെ ഇസ്ലാമികാധ്യാപനമനുസരിച്ച് മധ്യമവഴികളിൽ നടത്താനാണ് വന്നിട്ടുള്ളത്. അവിടന്ന് നമുക്ക് ചെറുതിൽ ചെറുതായ കാര്യങ്ങളെ സംബന്ധിച്ചും മാർഗദർശനം നല്കി; ദീനീപരമായ കാര്യങ്ങളിലും ഭൗതികമായ കാര്യങ്ങളിലും മാർഗദർശനം നല്കി. നമസ്കാരത്തെക്കുറിച്ച് ഞാൻ പറഞ്ഞുവന്നതാണ്. ഭൗതികമായൊരു സന്തോഷാവസരത്തിൽ എങ്ങനെയാണ് അത് പ്രകടിപ്പിക്കേണ്ടത് എന്നതിനെ സംബന്ധിച്ച്, ഹദ്റത്ത് മസീഹ് മൗഊദ്(അ) എന്തു മാർഗദർശനമാണ് നമുക്ക് നല്കിയതെന്ന് ഹദ്റത്ത് മുസ്ലിഹ് മൗഊദ്(റ)പറഞ്ഞത് ഞാൻ നിങ്ങളുടെ മുമ്പിൽ സമർപിക്കുകയാണ്. അവിടന്ന് പറയുന്നു: ഹദ്റത്ത് മസീഹ് മൗഊദ്(അ)ൽ നിന്ന് ദീപാലങ്കാരം നടത്തിയത് സ്ഥാപിതമാണ്. അതായത് എന്തെങ്കിലും പ്രത്യേകാവസരത്തിൽ ദീപാലങ്കാരം നടത്താറുണ്ട്. ഈ ദീപാലങ്കാരത്തെ സംബന്ധിച്ച് വിവരിക്കാനുള്ള കാരണം ഇതായിരുന്നു. വിക്ടോറിയ രാജ്ഞിയുടെ ജൂബിലി ആഘോഷത്തിൽ ജനങ്ങൾ ദീപാലങ്കാരം നടത്തി. ഇതിനെക്കുറിച്ച് ഹദ്റത്ത് മുസ്ലിഹ് മൗഊദ്(റ)പറഞ്ഞു: വിക്ടോറിയ രാജ്ഞിയുടെ ജൂബിലി ആഘോഷത്തിൽ ദീപാലങ്കാരം നടത്തപ്പെട്ടിരുന്നു. ഹദ്റത്ത് മസീഹ് മൗഊദിൽനിന്ന് ഇത് സ്ഥാപിതമായിട്ടുള്ളതാണ്. ഹദ്റത്ത് മസീഹ് മൗഊദ്(അ) രണ്ടു പ്രാവശ്യം, വിക്ടോറിയ രാജ്ഞിയുടേയും പിന്നെ അഡ്വേർഡ് രാജാവിന്റേതാണെന്നു തോന്നുന്നു ജൂബിലിയുടെ അവസരത്തിൽ ദീപാലങ്കാരം നടത്തുകയുണ്ടായി. എന്നല്ല രണ്ടു ജൂബിലിയും വിക്ടോറിയ രാജ്ഞിയുടേതു തന്നെയാകാനും ഇടയുണ്ട്. രണ്ടവസരങ്ങളിലും ദീപാലങ്കാരം നടത്തിയതായി എനിക്കോർമയുണ്ട്. ഹദ്റത്ത് മുസ്ലിഹ് മൗഊദ്(റ)പറയുന്നു: കുട്ടിക്കാലത്ത് അത്തരം കാര്യങ്ങൾ നല്ലതായി തോന്നിയിരുന്നു. അതുകൊണ്ടു എനിക്ക് നല്ലവണ്ണം അത് ഓർമയുണ്ട്. മസ്ജിദുമുബാറക്കിന്റെ തിട്ടകളിൽ ദീപങ്ങൾ തെളിയിച്ചു. തിരി തീർന്നുപോയി. അക്കാലത്ത് തിരിയാണ് കത്തിക്കാറുണ്ടായിരുന്നത്. അതു കൊണ്ടുവരുന്നതിനുവേണ്ടി ഹദ്റത്ത് മസീഹ് മൗഊദ്(അ) ആളെ അയച്ചു. അതിൽ എണ്ണയുണ്ടാകും. ആ എണ്ണ ഒരപാട് നേരം കത്തിക്കൊണ്ടിരിക്കും. അവിടന്ന് പറയുന്നു: നമ്മുടെ വീട്ടിലും മസ്ജിദിലും മദ്രസയിലും ദീപങ്ങൾ തെളിച്ചു. മീർ മുഹമ്മദ് ഇസ്ഹാഖ് സാഹിബും ഇതിന് സാക്ഷി പറഞ്ഞിട്ടുണ്ട്. അതുകൊണ്ട് വെറും ദീപാലങ്കാരം നടത്തുന്നതിനെ എതിർക്കുന്ന പ്രശ്നംതന്നെ ഉദിക്കുന്നില്ല. ദീപാലങ്കാരം തെറ്റായ കാര്യമാണെന്ന് ചിലർ പറയാറുണ്ട്. അത്തരം കാര്യമൊന്നുമില്ല. അവിടന്ന് പറയുന്നു: എന്റെ വിശ്വാസമാണ്, നീതിമാനായ വിധികർത്താവെന്ന നിലയിൽ ഖുർആനിക നസ്വിനെതിരെ ഹദ്റത്ത് മസീഹ് മൗഊദ്(അ)ഒന്നും പറയുമായിരുന്നില്ല. ദീപാലങ്കാരം നടത്തിയിരുന്നുവെന്നത് ആ മഹാത്മാവിൽനിന്ന് സ്ഥാപിക്കപ്പെട്ടിട്ടുള്ളതാണ്. അതുസംബന്ധമായി സാക്ഷികളുമുണ്ട്. അൽഹക്കം പത്രത്തിലും ഇത് രേഖപ്പെടുത്തിയിട്ടുണ്ട്. അതുകൊണ്ട് ദീപാലങ്കാരം എപ്പോൾ ചെയ്യണം, എങ്ങനെ ചെയ്യണം, ഏതുരീതിയിൽ ചെയ്യണം അത് പാഴ്ചെലവാണ് എന്നതിനെ സംബന്ധിച്ച് ഒരു ചർച്ചയുടേയും ആവശ്യമില്ല.

ഹദ്റത്ത് മുസ്ലിഹ് മൗഊദ്(റ) പറഞ്ഞു: ഹദ്റത്ത് മസീഹ് മൗഊദ്(അ) ഈ രീതിയിൽ സന്തോഷം പ്രകടിപ്പിച്ചതിൽ ഒരു യുക്തിയുണ്ട്. മുഅ്മിന്റെ എല്ലാ ഓരോ കാര്യവും യുക്തി ഉൾക്കൊള്ളുന്നതായിരിക്കും. ദീപാലങ്കാരം വിപുലമായ നിലയിൽ സംഘടിപ്പിക്കുമ്പോൾ, എല്ലാ വീടുകളിലും നടത്തേണ്ടത് നിർബന്ധമാണെന്ന് നിർദ്ദേശമുണ്ടാകുമ്പോൾ, പ്രത്യേകിച്ചും അതിന്റെ ചെലവു അനുസരിച്ച് ഫലം കാണുന്നില്ലെങ്കിലും അത് ദേശീയവും രാഷ്ട്രീയവുമായ ആവശ്യമാണെങ്കിൽ, അല്ലെങ്കിൽ കൂടുതൽ വെളിച്ചത്തിന്റെ ആവശ്യമാണെങ്കിൽ അവിടെ അത് നടത്തുന്നതുകൊണ്ട് കുറ്റമൊന്നുമില്ല; ഹദ്റത്ത് ഉമർ(റ) മസ്ജിദിൽ കൂടുതൽ വെളിച്ചത്തിനുള്ള ഏർപ്പാട് ചെയ്തിരുന്നതായി നിവേദനങ്ങളിൽ വന്നിരിക്കുന്നുവെന്ന് ഹദ്റത്ത് മീർ മുഹമ്മദ് ഇസ്ഹാഖ് സാഹിബ് പറഞ്ഞു. മീർ സാഹിബാണ് അതിന്റെ ഉദാഹരണം നല്കിയത്. അതായത് മസ്ജിദിൽ ആവശ്യത്തെക്കാളേറെ വെളിച്ചത്തിന്റെ ഏർപാട് ചെയ്യപ്പെട്ടിരുന്നു. അവിടന്ന് പറയുന്നു, മസ്ജിദ് കൂടുതൽ വെളിച്ചം ആവശ്യമുള്ള സ്ഥലമാണ്. കാരണം ജനങ്ങൾ അവിടെ വിശുദ്ധഖുർആൻ പാരായണം ചെയ്യുന്നു. അല്ലെങ്കിൽ മതഗ്രന്ഥങ്ങൾ വായിക്കുന്നു. അതുകൊണ്ട് ഹദ്റത്ത് ഉമർ(റ) മസ്ജിൽ കൂടുതൽ വെളിച്ചത്തിനുള്ള ഏർപ്പാടുണ്ടാക്കിയിരുന്നെങ്കിൽ, അതിൽ യുക്തി യുണ്ട്. ഇസ്ലാമിൽ സന്തോഷം ആഘോഷിക്കപ്പെടുന്നത്, മനുഷ്യകുലത്തിന് അതുകൊണ്ട് ഏറ്റവും കൂടുതൽ ഫലമുണ്ടാകുന്നതിനാണെന്ന് നമ്മൾ കാണുന്നു. ഉദാഹരണത്തിന് പെരുന്നാൾ, അതിൽ ബലിയറുക്കുമ്പോൾ സാധുക്കൾക്ക് മാംസം ലഭിക്കുന്നു. ഈദുൽ ഫിത്റിൽ ചെറിയപെരുന്നാളിലെ ദാന ധർമം(ഫിത്റാന)കൊണ്ട് ദരിദ്രർക്ക് സഹായം ലഭിക്കുന്നു. ഇസ്ലാം എവിടെയൊക്കെ സന്തോഷം ആഘോഷിക്കാൻ കല്പിച്ചിട്ടുണ്ടോ, രാജ്യത്തിനും മനുഷ്യകുലത്തിനും ഏറ്റവും കൂടുതൽ ഫലമുണ്ടാകുന്ന രീതിയിൽ അതാഘോഷിക്കാനാണ് ശക്തി ചെലുത്തിയിട്ടുള്ളത്. പക്ഷേ, ദീപാലങ്കാരത്തിന്റെ രീതി നോക്കുമ്പോൾ അത്തരം ഒരു ഫലവും ഉണ്ടാകുന്നില്ല. ഹദ്റത്ത് മസീഹ് മൗഊദ് (അ) ദീപാലങ്കാരം നടത്തിയിട്ടുണ്ടെങ്കിൽ അതൊരു രാഷ്ട്രീയ ഉദ്ദേശ്യത്തിലധിഷ്ഠിതമായിട്ടായിരുന്നു. ചില സമയങ്ങളിൽ അവിടന്ന് ഞങ്ങൾക്ക് പടക്കങ്ങളും വാങ്ങിത്തരുമായിരുന്നു. കുട്ടികളുടെ മനസ്സ് സന്തോഷിക്കാനായിരുന്നു അത്. ഗന്ധകം കത്തുമ്പോൾ രോഗാണുക്കൾ നശിക്കുമെന്ന് അവിടന്ന് പറയാറുണ്ടായിരുന്നു. വെറും കുട്ടികളെ സന്തോഷിപ്പിക്കുന്നതിനു വേണ്ടിയല്ല, മറിച്ച് പടക്കങ്ങളിൽ ഗന്ധകമുണ്ട്. അത് കത്തുമ്പോൾ അന്തരീക്ഷം ശുദ്ധീകരിക്കപ്പെടുന്നു. അവിടന്ന് പല പ്രാവശ്യവും ഞങ്ങൾക്ക് പടക്കവും പൂത്തിരിയും വാങ്ങിപ്പിച്ചുതന്നിട്ടുണ്ട്. അത് ഒരു തരത്തിലുള്ള വെളിച്ചമാണ്. അതിൽ താൽക്കാലികമായ നേട്ടവുമുണ്ട്; അത് പ്രകടമായി കാണുന്നില്ലെങ്കിലും. എന്നാൽ, ഇതിൽ കുട്ടികളുടെ മനസ്സ് സന്തോഷിക്കുന്നു. കുട്ടികളുടെ വികാരങ്ങളെ അടിച്ചമർത്തുമ്പോൾ ഉണ്ടാകുന്ന നഷ്ടങ്ങളിൽനിന്ന് ഇതുമുഖേന രക്ഷപ്പെടുന്നു. എന്നാൽ, അവിടന്ന് ജമാഅത്തിന് മുഴുവൻ പടക്കം പൊട്ടിക്കാൻ കല്പന നല്കിയില്ല.'(റിപ്പോർട്ട് മജ്ലിസെ മുശാവറത്ത് 1939 ഏപ്രിൽ 7–9 പേജ് 74–75)

പടക്കം പൊട്ടിക്കാൻ അവിടന്ന് ജമാഅത്തിനോടു പറഞ്ഞില്ല. കുട്ടികൾ വല്ലപ്പോഴുമൊക്കെ അങ്ങനെ ചെയ്യുകയാണെങ്കിൽ കുറ്റമൊന്നുമില്ല. അന്തരീക്ഷവും നിർമലമാകും എന്ന ഉദ്ദേശ്യത്തോടെയും അതു ചെയ്യുകയാണെങ്കിൽ രണ്ടു കാര്യങ്ങളും ലഭിക്കുന്നതായിരിക്കും. കുട്ടികളും സന്തോഷിക്കും. അന്തരീക്ഷവും മലിനമുക്തമാകും. കുട്ടികൾ അല്പം വിനോദിച്ചാൽ കുറ്റമൊന്നുമില്ല. അവരുടെ വികാരങ്ങൾ തികച്ചും അടിച്ചമർത്താൻ പാടില്ല. കളിച്ചും ചാടിയും നടക്കുന്ന പ്രായത്തിൽ ഇസ്ലാം അവരുടെ അനുവദനീയ ആവശ്യങ്ങൾ തടയുന്നില്ലെന്നുള്ള ബോധം കുട്ടികളിൽ നിലനില്ക്കേണ്ടതാണ്. ഉദാഹരണത്തിന് ദീപാലങ്കാരം പടക്കം പൊട്ടിക്കൽ തുടങ്ങിയവ ദേശത്തിന്റെ മൊത്തത്തിലുള്ള സന്തോഷത്തിൽ ഉൾപ്പെടുമ്പോൾ, അതുമുഖേന രാജ്യത്തോടുള്ള ബന്ധത്തിന്റെ ഒരു പ്രകടനവും ഉണ്ടാകുന്നു. കുട്ടികൾക്ക് സന്തോഷത്തിനുള്ള വകയുമാകുന്നു. അതുകൊണ്ട് സന്ദർഭത്തിന്റേയും സാഹചര്യത്തിന്റേയും അടിസ്ഥാനത്തിലും മധ്യമനില കൈക്കൊണ്ട് ഏതെങ്കിലും പരിപാടിയിൽ പങ്കെടുത്താൽ കുറ്റമൊന്നുമില്ല. പക്ഷേ, ഇസ്ലാമിക അധ്യാപനത്തിന്റേയും രാജ്യത്തിന്റെ നിയമത്തിന്റേയും ഉള്ളിൽ നിന്നുകൊണ്ടാണ് നമ്മൾ ഇക്കാര്യങ്ങൾ ചെയ്യുന്നതെന്നും, ചെയ്യുകയെന്നും കുട്ടികൾക്ക് കുട്ടിക്കാലത്തുതന്നെ പറഞ്ഞുകൊടുക്കേണ്ടതാണ്.

ഹദ്റത്ത് മുസ്ലിഹ് മൗഊദ്(റ) തന്റെ കുട്ടിക്കാലത്തെ രണ്ടു സംഭങ്ങൾ വിവരിച്ചുകൊണ്ട് പറഞ്ഞു: എനിക്കെപ്പോഴും ഓർമയിലുണ്ട് , ഞാൻ കുട്ടിയായിരുന്നു. ഹദ്റത്ത് മസീഹ് മൗഊദ്(അ) ഒരിക്കൽ മുൽത്താനിൽ പോയി. ഞാനും അദ്ദേഹത്തിന്റെ കൂടെയുണ്ടായിരുന്നു. എനിക്ക് അന്ന്

ഏഴോ എട്ടോ വയസ്സായിരുന്നു. ആ യാത്രയിലെ വെറും രണ്ടു സംഭവങ്ങളാണ് എനിക്കോർമയുള്ളത്. അവിടന്ന് പറയുന്നു: എനിക്ക് രണ്ടു വയസ്സു മാത്രമുള്ളപ്പോൾ നടന്ന ചില സംഭവങ്ങളും ഓർമയുണ്ടെന്നത് നേരാണ്. ഒരു സംഭവം ഒരു സ്നേഹിതൻ ഓർമിപ്പിച്ചപ്പോൾ എനിക്കത് ഓർമ വന്നു. ആ സംഭവം നടന്നപ്പോൾ എനിക്ക് ഒരു വയസ്സായിരുന്നു. അവിടന്ന് പറയുന്നു: എനിക്ക് എന്റെ ചെറുപ്രായത്തിൽനടന്ന ചിലസംഭവങ്ങളും ഓർമയുണ്ട്. പക്ഷേ, ഈ യാത്രയിലെ രണ്ടു സംഭവങ്ങൾ മാത്രമേ എനിക്കോർമയുള്ളു. ആദ്യത്തെ കാര്യം ഇതാണ്. മടങ്ങിവരുമ്പോൾ ഹദ്റത്ത് മസീഹ് മൗഊദ് (അ) ലാഹോറിൽ താമസിച്ചു. അവിടെ ആ ദിനങ്ങളിൽ മെഴുകുചിത്രങ്ങളുടെ പ്രദർശനം നടക്കുന്നുണ്ടായിരുന്നു; മെഴുകുകൊണ്ടുള്ള ചിത്രങ്ങളും, പ്രതിമകളും. അതിലൂടെ വിവിധ രാജാക്കന്മാരുടേയും, അവരുടെ ദർബാറിന്റെ അവസ്ഥകളും വിവരിക്കപ്പെടുന്നുണ്ടായിരുന്നു. ഇംഗ്ലീഷ് വെയർ ഹൗസിന്റെ– അക്കാലത്ത് ബോംബെ ഹൗസ് എന്നാണ് പറയപ്പെട്ടിരുന്നത്– ഉടമയായ ശേയ്ഖ് റഹ്മത്തുല്ലാ സാഹിബ്, ഇത് വൈജ്ഞാനികമായൊരു പരിപാടിയാണെന്നും ചരിത്രപരമായ അറിവ് ലഭിക്കുമെന്നും അതുകൊണ്ട് ഇത് കാണാൻ പോകേണ്ടതാണെന്നും ഹദ്റത്ത് മസീഹ് മൗഊദ്(അ)നോട് പറഞ്ഞു. എന്നാൽ, ഹദ്റത്ത് മസീഹ് മൗഊദ്(അ) അത് നിഷേധിച്ചു. അതിനുശേഷം ഞാൻ പോയി ആ മെഴുകു ചിത്രങ്ങൾ കാണാൻ അദ്ദേഹം എന്നിൽ സമ്മർദം ചെലുത്താൻ തുടങ്ങി. ഞാൻ കുട്ടിയായിരുന്നു. എനിക്കത് കാണിച്ചു തരണമെന്ന് പറഞ്ഞ് ഞാൻ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ പിന്നാലെ കൂടി. അങ്ങനെ ഹദ്റത്ത് മസീഹ് മൗഊദ്(അ) എന്റെ നിർബന്ധംകൊണ്ട് എന്നെ കൂടെകൊണ്ടുപോയി. വിവിധ രാജാക്കന്മാരുടെ അവസ്ഥകൾ ചിത്രങ്ങളിലൂടെ പ്രദർശിപ്പിച്ചിരുന്നു. അവയിൽ ചിലരുടെ മരണങ്ങളും ചിലരുടെ രോഗങ്ങളും വരച്ചിരുന്നു. പറഞ്ഞു, ഒരു സംഭവം എനിക്കോർമയുള്ളത് ഇതാണ്. ഹദ്റത്ത് മസീഹ് മൗഊദ്(അ) അനുകൂലിച്ചതും, കൂടെ കൊണ്ടുപോയതും ഇതൊരു ജ്ഞാനപരവും ചരിത്രപരവുമായ കാര്യമാണെന്നും കാണുന്നതുകൊണ്ട് കുറ്റമൊന്നുമില്ലെന്നും ആളുകൾ പറയുകയും പ്രശംസിക്കുകയും ചെയ്തതുകൊണ്ടായിരുന്നു. കുട്ടിയുടെ വാശി കണ്ടതുകൊണ്ടല്ല പോയത്. അത് ഇസ്‌ലാമികാധ്യാപനങ്ങൾക്കു വിരുദ്ധമാണെന്നു അവിടന്ന് മനസ്സിലാക്കിയിരുന്നെങ്കിൽ, കുട്ടി വാശിപിടിച്ചാലും പോകുമായിരുന്നില്ല. അതൊരു ജ്ഞാനപരമായ കാര്യമായിരുന്നു. അതുകൊണ്ട് അവിടന്ന് കുട്ടിയേയുംകൂട്ടി കാണാൻ പോയതാണ്.

ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) പറയുന്നു: ‘എനിക്കോർമയുള്ള രണ്ടാമത്തെ സംഭവം ഇതാണ്. ലാഹോറിൽ ഹദ്റത്ത് മസീഹ് മൗഊദ്(അ)നെ ആരോ ക്ഷണിച്ചു. അതിൽ പങ്കെടുക്കാൻ അവിടന്ന് പോയി. അതിന്റെ കുറച്ചു സ്വാധീനം എന്റെ മനസ്സിലുമുണ്ടായിട്ടുണ്ട്. അതൊരു ക്ഷണമായിരുന്നില്ല. മറിച്ച് മുഫ്തി മുഹമ്മദ് സാദിഖ് സാഹിബോ അദ്ദേഹത്തിന്റെ ഒരു മകനോ സുഖമില്ലാതായി. അദ്ദേഹത്തെ കാണാനാണ് അവിടന്ന് പോയിരുന്നത്. നഗരത്തിലൂടെ അവിടന്ന് തിരിച്ചുവരുമ്പോൾ സുവർണമസ്ജിദിന്റെ ഏണിപ്പടിയുടെ അടുത്ത് ഞാൻ ഒരു ആൾക്കൂട്ടം കണ്ടു. അവർ ചീത്ത വിളിക്കുകയായിരുന്നു. ഒരാൾ അവരുടെ ഇടയിൽ നില്പുണ്ടായിരുന്നു. അത് ഏതെങ്കിലും മൗലവി ആയിരിക്കാനും സാധ്യതയുണ്ട്. മൗലവിമാരുടെ ശീലംപോലെ അയാൾ അസ്ഥാനത്ത് വെല്ലുവിളിക്കുകയായിരുന്നിരിക്കാം. ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ വണ്ടി അടുത്തൂടെ പോയപ്പോൾ, ആൾകൂട്ടത്തെ കണ്ട് ഞാൻ മനസ്സിലാക്കിയത് അതും ഒരു മേളയാണെന്നായിരുന്നു. ഞാൻ ആ ദൃശ്യം കാണുന്നതിനു വേണ്ടി വണ്ടിയിൽനിന്ന് തല പുറത്തിട്ടു. ആ നേരത്തുണ്ടായ ഈ സംഭവം ഇന്നുവരെ ഞാൻ മറന്നിട്ടില്ല. ഞാൻ കണ്ടു. കൈ മുറിഞ്ഞ ഒരാൾ –മുറിവിനുമേൽ മഞ്ഞൾവെച്ച് ബാന്റേജ് ചെയ്തിട്ടുണ്ടായിരുന്നു– വളരെ ആവേശത്തോടെ തന്റെ മുറിവേറ്റ കൈ മറ്റെ കൈയിൽ അടിച്ചുകൊണ്ട്, മിർസാ ഓടിപ്പോയി, മിർസാ ഓടിപ്പോയി എന്ന് അലറി വിളിച്ചുപറഞ്ഞുകൊണ്ടിരുന്നു.

ഈ സംഭവം മറ്റൊരു സംഗതി പറഞ്ഞപ്പോൾ ഞാൻ വിവരിച്ചു കഴിഞ്ഞിട്ടുള്ളതാണ്. പക്ഷേ, ഇവിടെ ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) പറയുന്നു: നോക്കുക! ഒരു മുറിവ് പറ്റിയ വ്യക്തി. അയാളുടെ കൈയിൽ ബാന്റേജ് ചെയ്തിരിക്കുകയാണ്. എന്നാൽ, അയാൾ എതിർപ്പിന്റെ കാഠിന്യം കൊണ്ട് മനസ്സിലാക്കുന്നത് തന്റെ മുറിഞ്ഞ കൈകൊണ്ടുതന്നെ നഊദുബില്ലാഹ് അഹ്മദിയ്യത്തിനെ അവസാനിപ്പിക്കുമെന്നാണ്; അല്ലെങ്കിൽ അഹ്മദിയ്യത്തിനെ ഖബ്റടക്കി വരുമെന്നാണ്. മനസ്സുകളിൽ നിലനില്ക്കുന്ന എത്രമാത്രം ഭയാനകമായ ശത്രുതയാണിത്. ഖാദിയാനിൽ ആളുകൾ വരാതിരിക്കാനും അഹ്മദിയ്യത്ത് സ്വീകരിക്കാതിരിക്കാനും ഏതേതെല്ലാം തരത്തിലാണ് അവർ ശക്തിചെലുത്തിയത്. ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ കാലഘട്ടത്തിൽ ഖാദിയാനിൽ വരാൻ, ബട്ടാലവരെ വരികയും മൗലവി മുഹമ്മദ് ഹുസയ്ൻ ബട്ടാലവി അവരെ മടക്കിവിടുകയും ചെയ്ത ധാരാളമാളുകൾ അഹ്മദികളിലുണ്ട്. അവിടന്ന് പറയുന്നു: ഞാൻ കേട്ടത് മൗലവി അബ്ദുൽ മാജിദ് സാഹിബ് ഭാഗൽപൂരിയും അതുകൊണ്ടാണ് ആരംഭകാലത്ത് അഹ്മദിയ്യത്ത് സ്വീകരിക്കാതിരുന്നതെന്നാണ്. അദ്ദേഹം ബട്ടാലയിൽ എത്തിയപ്പോൾ മൗലവി മുഹമ്മദ് ഹുസയ്ൻ ബട്ടാലവി അദ്ദേഹത്തെ വഴി തെറ്റിച്ച് മടക്കിവിട്ടു. ഇതു തന്നെയായിരുന്നു മൗലവി മുഹമ്മദ് ഹുസയ്ൻ ബട്ടാലവിയുടെ നിത്യേനയുള്ള തൊഴിൽ. അയാൾ എല്ലാ ദിവസവും റെയിൽവെ സ്റ്റേഷനിലെത്തും. ഖാദിയാനിൽ വരാൻവേണ്ടി ആളുകൾ ഇറങ്ങുമ്പോൾ, ‘എന്തെടുക്കാനാണ് അവിടെ പോകുന്നത്’ എന്ന് ചോദിക്കും. ‘അവിടെ പോയാൽ ഈമാൻ മോശമാകും’എന്നു പറയും. അയാൾ ആലിമാണല്ലോ എന്ന് കണ്ട് ആളുകൾ മടങ്ങിപോകും. മൗലവി സാഹിബ് പറയുന്നത് സത്യമായിരിക്കുമെന്ന് അവർ കരുതി.’(അൽഫള്ൽ 24 –1–1943 പേജ് 3 വാല്യം 31 നമ്പർ 21) ഇതെല്ലാം ഉണ്ടായത് മൗലവിമാരുടെ എതിർപ്പുകൊണ്ടായിരുന്നു. അവർ പൊതുജനങ്ങളെ എത്രമാത്രം പ്രകോപിപ്പിച്ചിരുന്നുവെന്നാൽ, ആ മുറിക്കൈയൻ പാവവും മുദ്രാവാക്യം മുഴക്കാൻ തുടങ്ങി. ഉലമാക്കൾ ഹദ്റത്ത് മസീഹ് മൗഊദ് (അ)നെ എതിർക്കുന്നത് അവരുടെ അജ്ഞതകൊണ്ടും സ്വാർഥലാഭത്തിനുവേണ്ടിയുമാണ്. ഇന്നുവരെ ഈ ഉലമാക്കൾ ജനങ്ങളെ പ്രകോപിപ്പിച്ചുകൊണ്ടിരിക്കുന്നു. അവർ മതത്തിന്റെ പേരിൽ ജനങ്ങളെ പ്രകോപിപ്പിച്ച് തങ്ങളുടെ ലക്ഷ്യം നേടിക്കൊണ്ടിരിക്കുകയാണ്. വാസ്തവത്തിൽ ഏതൊരുകാര്യത്തെയാണോ അവർ എതിർപിന് മാർഗമാക്കിക്കൊണ്ടിരിക്കുന്നത് അല്ലെങ്കിൽ മാർഗമാക്കുന്നത് ഹദ്റത്ത് മസീഹ് മൗഊദ്(അ) വന്നതുതന്നെ അക്കാര്യം സ്ഥാപിക്കുന്നതിനുവേണ്ടിയാണ്. അതായത് ഇസ്‌ലാമിന്റെ യഥാർഥ അധ്യാപനം പറയുകയും നബി(സ)തിരുമേനിയുടെ ഖത്തമുന്നുബുവ്വത്ത് സ്ഥാനം സ്ഥാപിക്കുകയും ചെയ്യുക! ഹദ്റത്ത് മസീഹ് മൗഊദ് (അ) നബി(സ)തിരുമേനിയുടെ സത്യസന്ധനായ പ്രേമിയായിരുന്നു. സത്യസന്ധനായ ദാസനായിരുന്നു. ഇപ്പോൾ ലോകർക്ക് മോക്ഷം ഈ അവസാന പ്രവാചകനും ഖാത്തമുൽ അമ്പിയായുമായ ഹദ്റത്ത് മുഹമ്മദു മുസ്തഫാ(സ) മുഖേനമാത്രമേ ലഭിക്കുകയുള്ളു എന്ന് പറയാനാണ് അവിടന്ന് വന്നതുതന്നെ. പക്ഷേ, റസൂലിന്റെ ഈ പ്രേമിയുമായി ചേരുന്നതിനുപകരം അദ്ദേഹം പറയുന്നത് കേൾക്കുന്നതിനു പകരം നഊദുബില്ലാഹ് ഇയാൾ ഖത്തമുന്നുബുവ്വത്തിനെ നിഷേധിക്കുന്നയാളാണ്, നബിയെക്കാൾ വലിയ സ്ഥാനമുള്ള ആളാണെന്ന് വാദിക്കുന്നവനാണ് എന്നൊക്കെ പറഞ്ഞ് ആക്ഷേപിക്കുന്നത് ഈ നാമമാത്ര ഉലമാക്കളുടെ ദൗർഭാഗ്യമാണ്. ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ കർമത്തിനും അധ്യാപനത്തിനും ഇക്കാര്യങ്ങളുമായി വിദൂരബന്ധംപോലുമില്ലെന്നതാണ് വാസ്തവം. കേവലം ഇസ്‌ലാമിനെ വിശ്വസിക്കുന്നതിലും നബി(സ)തിരുമേനിയുടെ ദാസത്വത്തിലുമാണ് മോക്ഷത്തിന്റെ വഴിയുള്ളതെന്ന് ഹദ്റത്ത് മസീഹ് മൗഊദ്(അ) എല്ലാ മതക്കാരോടും ചാലഞ്ച് ചെയ്ത് പറയുകയുണ്ടായി.

എന്തായാലും ശത്രുക്കളായ ഉലമാ അഹ്മദിയ്യത്തിനെ നശിപ്പിക്കാൻ ശ്രമിച്ചുകൊണ്ടിരുന്നു. ജമാഅത്ത് വളർന്നുകൊണ്ടിരുന്നു. ഇപ്പോഴും ഈ ശ്രമം നടന്നുകൊണ്ടിരിക്കുന്നുണ്ട്. നടത്തിക്കൊണ്ടിരിക്കുകയും ചെയ്യും. പക്ഷേ, നബി(സ) തിരുമേനിയുടെ ഈ സത്യസന്ധനായ ദാസന്റെ ജമാഅത്ത് വളരണമെന്നത് അല്ലാഹുവിന്റെ വിധിയാണ്. അത് വളർന്നുകൊണ്ടിരിക്കുന്നു. വളർന്നുകൊണ്ടിരിക്കുകയും ചെയ്യും. ഇൻശാഅല്ലാഹ്. ഹദ്റത്ത് മസീഹ് മൗഊദ്(അ) നമ്മളിൽനിന്ന് ആഗ്രഹിച്ച ആ യഥാർഥമാറ്റം നമ്മളിലുണ്ടാക്കാൻ അല്ലാഹു നമുക്ക് തൗഫീഖ് നല്കുമാറാകട്ടെ. നമ്മൾ യഥാർഥ മുസ്‌ലിംകളുടെ മാതൃകയായിത്തീരട്ടെ. നമ്മുടെ ചിന്താഗതികളിലും വിചാരങ്ങളിലും വെളിച്ചമുണ്ടാക്കുക. നമ്മുടെ മനസ്സുകളും തഖ്‌വ കൊണ്ട് നിറയ്ക്കുക.

ജുമുഅയ്ക്കുശേഷം ഞാനൊരു ജനാസഗായിബ് നമസ്കരിപ്പിക്കുന്നതാണ്. സാഹിവാൾ ജില്ല അമീറായിരുന്ന ഡോക്ടർ അത്താവുർറഹ്മാൻ സാഹിബിന്റെ ഭാര്യ അമത്തുൽ ഹഫീള് റഹ്മാൻ സാഹിബയുടേതാണ് ഈ ജനാസ. 2016 ഏപ്രിൽ 15 ന് അവർ വഫാത്തായി. ഇന്നാ ലില്ലാഹി വ ഇന്നാ ഇലയ്ഹി റാജിഊൻ. ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ സ്വഹാബിയായിരുന്ന ഹദ്റത്ത് മിയാൻ അളീമുല്ലാഹ് സാഹിബിന്റെ മരുമകളും ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ സ്വഹാബിയായിരുന്ന ഹദ്റത്ത് ശേയ്ഖ് ഹുസയ്ൻ ബഖ്ശ് സാഹിബിന്റെ ദൗഹിത്രിയുമായിരുന്നു. പിതാവായ മലിക് മുഹമ്മദ് ഖുർശീദ് സാഹിബ് റബ്‌വ തഅ്മീർ കമ്മിറ്റിയുടെ പ്രാരംഭകാല സെക്രട്ടറിയായിരുന്നു. സുദീർഘ കാലം സാഹിവാൽ ജമാഅത്തിന്റെ ലജ്ന സ്വദ്ർ എന്ന നിലയിൽ സേവനം ചെയ്യാൻ തൗഫീഖ് കിട്ടി. എല്ലാം അല്ലാഹുവിൽ ഭരമേല്പിക്കുന്നവരും ദുആ ചെയ്യുന്നവരും ആരാധനാകർമങ്ങൾ അനുഷ്ഠിക്കുന്നവരും അതിഥികളെ സൽക്കരിക്കുന്നവരും സാധുക്കളെ സഹായിക്കുന്നവരും ധനത്യാഗം ചെയ്യുന്നവരും ഖിലാഫത്തിനോടു കൂറു പുലർത്തുന്നവരും ക്ഷമിക്കുന്നവരും നന്ദികാണിക്കുന്നവരുമായിരുന്നു. സാഹിവാളിൽ അസീറാന്റെ (അസീറാനെ രാഹെ മൗലാ)സംഭവങ്ങൾ ഉണ്ടായപ്പോൾ ഇവരുടെ ഭർത്താവായിരുന്നു ജില്ല അമീർ. ഒരുപാടാളുകൾ കൂടിക്കാഴ്ചകൾക്കായി അദ്ദേഹത്തിന്റെ അടുക്കൽ വരുമായിരുന്നു. അവർക്കൊക്കെ ആതിഥ്യം നല്കി. അവരുടെ ഭർത്താവ് ഡോക്ടർ അത്വാഉർറഹ്മാൻ സാഹിബ് ഏകദേശം നാല്പതു വർഷംവരെ ജമാഅത്തിനു സേവനം ചെയ്തുകൊണ്ടിരുന്നു. ഇവർ വളരെ സന്തോഷത്തോടെ അദ്ദേഹത്തിനോടു സഹകരിച്ചു. കേന്ദ്രത്തിൽനിന്നുവരുന്ന അതിഥികളേയും വളരെ ആദരിച്ചിരുന്നു. എല്ലാ മക്കൾക്കും ഏതുരീതിയിലായിരുന്നു തർബിയ്യത്ത് കൊടുത്തിരുന്നതെന്നാൽ എല്ലാവരും ഖിലാഫത്തിനോടു ആത്മാർഥ ബന്ധം പുലർത്തുന്നവരും അതിൽ അനുരക്തരുമാണ്. അല്ലാഹുവിന്റെ അനുഗ്രഹത്താൽ മൂസ്വിയയായിരുന്നു. അവർക്ക് അഞ്ചുആൺമക്കളും മൂന്നു പെൺമക്കളുമാണ്. അല്ലാഹു ഈ മക്കളേയും നന്മകളിൽ നിലനിറുത്തുമാറാകട്ടെ. വരും തലമുറയേയും ജമാഅത്തിന് ഫലപ്രദമാക്കട്ടെ.

- പേജ് 2ൽ നിന്ന്

അമീറുൽ മുഅ്മിനീൻ പറഞ്ഞു: അത്തരം അബദ്ധങ്ങൾ അകറ്റുന്നതിനുവേണ്ടി അല്ലാഹു കാലത്തിന്റെ ഇമാമായ അഹ്മദിയ്യാ ജമാഅത്തിന്റെ സ്ഥാപകരെ നിയോഗിച്ചയച്ചിരിക്കുന്നുവെന്ന് അഹ്മദികളായ നമ്മൾ വിശ്വസിക്കുന്നു. മതയുദ്ധങ്ങളുടെ കാലം ഇപ്പോൾ കടന്നു കഴിഞ്ഞിരിക്കുന്നുവെന്ന് അദ്ദേഹം നമ്മളോടു പറഞ്ഞു. മനുഷ്യൻ മൈത്രിയോടും സമാധാനത്തോടുംകൂടി പരസ്പരമുള്ള കടമകൾ നിറവേറ്റിക്കൊണ്ട് ഒത്തൊരുമിച്ച് ജീവിക്കണമെന്ന് അല്ലാഹു ആഗ്രഹിക്കുന്നു. അതുസംബന്ധമായി തന്റെ ജമാഅത്തിനെ ഉപദേശിച്ചുകൊണ്ട് ഹദ്റത്ത് മിർസാ ഗുലാം അഹ്മദ് ഖാദിയാനീ(അ) ഒരിക്കൽ പറഞ്ഞു: ഇസ്ലാമിന്റെ യഥാർഥമായ അധ്യാപനങ്ങളുടെ അടിസ്ഥാനത്തിൽ മതത്തിനു രണ്ടു ഭാഗങ്ങളുണ്ട്. അല്ലെങ്കിൽ മതത്തിന്റെ അടിത്തറ രണ്ടു തൂണുകളിലാണ് നിലകൊള്ളുന്നതെന്ന് പറയാം. ഒന്നാമത്തേത് ഏകനായ അല്ലാഹുവിനെ പൂർണമായ ദൃഢവിശ്വാസത്തോടെ തിരിച്ചറിയുകയും തികഞ്ഞ ആത്മാർഥതയോടെ അവനെ സ്നേഹിക്കുകയും സ്നേഹത്തിന്റേയും അനുസരണത്തിന്റേയും എല്ലാ തേട്ടങ്ങളേയും മുന്നിൽകണ്ടുകൊണ്ട് അവനെ പിൻപറ്റുകയും ചെയ്യുക. രണ്ടാമത്തേത് അവന്റെ സൃഷ്ടികൾക്ക് സേവനം ചെയ്യുക എന്നതാണ്. തന്റെ എല്ലാ കഴിവുകളും ശക്തികളും മറ്റുള്ളവരുടെ സേവനത്തിനായി വിനിയോഗിക്കുക. നിങ്ങളോടു നന്മ ചെയ്യുന്നവരോട് അവൻ ആവശ്യപ്പെടുമ്പോൾ അവനോടു നന്ദികാണിച്ച് അവനോടും നല്ല നിലയിൽ പെരുമാറുക. രാജാവായാലും വേണ്ടില്ല, ഭരണാധികാരിയാണെങ്കിലും വേണ്ടില്ല സാധാരണക്കാരനാണെങ്കിലും വേണ്ടില്ല. അവരുമായി എപ്പോഴും സ്നേഹബന്ധം നിലനിറുത്തുക

ഹദ്റത്ത് മസീഹ് മൗഊദ്(അ) ''നഹ്ൽ' എന്ന അധ്യായത്തിലെ 91-ാമത്തെ വചനം- അതിന്റെ അർഥം ഇപ്രകാരമാണ് നന്മയ്ക്കുപകരം നന്മചെയ്യുവാനും പ്രത്യുപകാരത്തിൽ കവിഞ്ഞ് നന്മ ചെയ്യുവാനുമുള്ള അവസരത്തിൽ സഹയോപകാരം ചെയ്യുവാനും സഹായോപ കാരത്തിൽ കവിഞ്ഞ് ബന്ധുത്വപരമായ അനുകമ്പ കാണിക്കേണ്ട ഘട്ടത്തിൽ സ്നേഹാവേശത്തോടെ സൗജന്യദാനം ചെയ്യുവാനും ദൈവം നിങ്ങളോടു ആജ്ഞാപിക്കുന്നു. ഇതിന്റെ തഫ്സീർ വിവരിച്ചുകൊണ്ട് പറയുന്നു: നിങ്ങൾ എല്ലാ മനുഷ്യകുലത്തോടും നീതിപൂർവം പെരുമാറുക എന്നാണ് അല്ലാഹു നിങ്ങളിൽനിന്ന് ആഗ്രഹിക്കുന്നത്. ഇതിൽ അല്ലാഹു മുസ്ലീംകളോടും കല്പിച്ചിരിക്കുന്നത്, നിങ്ങളോടു നന്മ കാണിക്കാത്തവരോടും നിങ്ങൾ നന്മയോടുകൂടി പെരുമാറണമെന്നാണ്. പിന്നീട് അവിടന്ന് ഇതും പറയുകയുണ്ടായി, ഒരു മുസ്ലിമിൽനി ന്ന് അവിടന്ന് ആഗ്രഹിക്കുന്നത് അവൻ ദൈവസൃഷ്ടികളോട് യഥാർഥ ബന്ധുവിനോടെന്നപോലെ പെരുമാറാനാണ്. മാതാക്കൾ തങ്ങളുടെ മക്കളോടു പെരുമാറുന്നതുപോലെ! ഇവിടെ ഹദ്റത്ത് മസീഹ് മൗഊദ്(അ)പറയുന്നത് എല്ലാ മുസ്ലീംകളും മറ്റുമനുഷ്യരോടു അവരുടെ നിറമോ വംശമോ വർഗമോ മതമോ നോക്കാതെ ഒരു മാതാവ് തന്റെ കുട്ടികളെ സ്നേഹിക്കുന്നതുപോലെ സ്നേഹിക്കാനാണ്. കാരണം ഇതു സ്നേഹത്തിന്റെ ഏറ്റവും ഉത്തമമായ ഇനമാണ്. എന്തെന്നാൽ, രണ്ടാമത്തെ പദവിയിൽ മനുഷ്യൻ ആരോടെങ്കിലും ഔദാര്യത്തോടെ പെരുമാറുമ്പോൾ, അവിടെ ഔദാര്യം ചെയ്യുന്നവൻ ചിലപ്പോൾ തന്റെ ഔദാര്യത്തെ എടുത്തുപറഞ്ഞുവെന്നു വരാം. പകരം നന്മ ആവശ്യപ്പെടുകയും ചെയ്യാം. എന്നാൽ, മാതാവിന്റെ സ്നേഹം നിസ്വാർഥമായിരിക്കും. അവൾക്ക് അവളുടെ കുട്ടികളോടുള്ള സ്നേഹബന്ധം എത്രമാത്രം ഒറ്റപ്പെട്ടതായിരിക്കുമെന്നാൽ അവൾ തന്റെ കുഞ്ഞിനുവേണ്ടി സർവവും ത്യാഗം ചെയ്യാൻ സദാ തയ്യാറായിരിക്കും. അവൾ ഒരു പ്രതിഫലവും ആഗ്രഹിക്കുകയില്ല. തന്നെ ആരെങ്കിലും പ്രശംസിക്കണമെന്ന് വിചാരവും ഉണ്ടായിരിക്കുകയില്ല. അതുകൊണ്ട് ഏറ്റവും ഉന്നതമായ നിലവാരമാണിത്. ഇതാണ് ഇസ്ലാം പഠിപ്പിക്കുന്നത്. ഇതിന്റെ അടിസ്ഥാനത്തിൽ മുസ്ലീംകൾക്ക് മുഴുവൻ മനുഷ്യകുലത്തോടും ഒരു മാതാവ് തന്റെ മക്കളെ സ്നേഹിക്കുന്നതുപോലെ സ്നേഹിക്കാൻ പാഠം നല്കി. ഇതാണ് ഇസ്ലാമിന്റെ യഥാർഥമായ അധ്യാപനങ്ങൾ.

അമീറുൽ മുഅ്മിനീൻ പറഞ്ഞു: തന്നിൽ ആര് വിശ്വസിച്ചാലും അവർ തന്റെ സ്വിഫത്തുകൾ അഥവാ വിശേഷഗുണങ്ങൾ സ്വായത്തമാക്കണമെന്ന് അല്ലാഹു കല്പിക്കുന്നു. അതുകൊണ്ട് ഒരു സത്യവാനായ മുസൽമാൻ അക്രമം ചെയ്യുക എന്നത് അസംഭാവ്യമാണ്. ഇപ്രകാരം ഏതെങ്കിലും തരത്തിലുള്ള അനീതി പ്രവർത്തിക്കാനോ അക്രമവും ഭീകരപ്രവർത്തനവും നടത്താനോ ഇസ്ലാം അനുവദിക്കുക എന്നതും അസംഭാവ്യമാണ്.

അമീറുൽ മുഅ്മിനീൻ പറഞ്ഞു: കഴിഞ്ഞ കുറെ വർഷങ്ങളായി ഞാൻ പലപ്രാവശ്യവും ഇസ്ലാമിന്റെ അടിസ്ഥാനപരമായ അധ്യാപനങ്ങളുടെ ഈ പോയന്റുകളെ വിവരിച്ചു കഴിഞ്ഞിട്ടുള്ളതാണ്. അമീറുൽ മുഅ്മിനീൻ പറഞ്ഞു: ഞാൻ പലതവണ വിശുദ്ധ ഖുർആനിലെ വചനങ്ങൾകൊണ്ട് ഞാനെന്തൊന്ന് പറയുന്നുവോ അത് ഇസ്ലാമിന്റെ പ്രമാണപരമായ അധ്യാപനങ്ങളാണെന്നും സ്ഥാപിച്ചിട്ടുണ്ട്. എങ്കിലും ഞങ്ങളുടെ സമാധാന സന്ദേശത്തിന് മാധ്യമങ്ങളിൽ വിപുലമായ നിലയിൽ കവറേജ് നല്കപ്പെടുന്നില്ല എന്നതും ഒരു യാഥാർഥ്യമാണ്. എന്നാൽ, ഇതിന്നെതിരിൽ പരിമിതമായ ആളുകളുടെ അക്രമങ്ങളും ദ്രോഹങ്ങളും കൊലയും കൊള്ളയും ആഗോള മാധ്യമങ്ങൾ പോരുപ്പിച്ച് കാണിച്ചുകൊണ്ടിരിക്കുന്നു. അതിന് വളരെ ശ്രദ്ധയും നല്കുന്നു.

മാധ്യമങ്ങൾ ജനങ്ങളുടെ പൊതു അഭിപ്രായങ്ങൾ സ്ഥാപിക്കുന്നതിൽ സുപ്രധാനമായ പങ്കു വഹിക്കുന്നു എന്നതിൽ സംശയമില്ല. അതുകൊണ്ട് മാധ്യമങ്ങൾ തങ്ങളുടെ ഈ ശക്തിയുടെ ഉപയോഗം ഉത്തരവാദിത്വത്തോടുകൂടി ജനക്ഷേമത്തിനും സമാധാന സ്ഥാപനത്തിനുംവേണ്ടി ഉപയോഗിക്കേണ്ടതാണ്.

# അടിയന്തര സർക്കുലർ

ജമാഅത്തിന്റെ തിരഞ്ഞെടുപ്പ് വർഷമാണിത്. അല്ലാഹു നമുക്കെല്ലാവർക്കും അമീറുൽമുഅ്മിനീന്റെ ഉന്നതമായ പ്രതീക്ഷയ്ക്കൊത്ത് തഖ്‌വയെ മുന്നിൽ നിറുത്തി നമ്മുടെ അമാനത്തുകളോടുള്ള കടമ നിറവേറ്റാൻ തൗഫീഖ് നല്കുമാറാകട്ടെ. ആമീൻ.

തദ്ദേശ ജമാഅത്തുകളുടെ മജ്ലിസെ ആമില തിരഞ്ഞെടുപ്പും അടുത്തുതന്നെ നടക്കാൻ പോകുകയാണ്. ഇശാഅത്ത് വ എം.ടി.എ വകുപ്പിന്റെ പ്രവർത്തനങ്ങളെക്കുറിച്ച് അവബോധമില്ലാത്തതുകൊണ്ട് ഈ വകുപ്പിലേക്ക് ഭാരവാഹികളെ തിരഞ്ഞെടുത്തിട്ടില്ല എന്നത് കഴിഞ്ഞ വർഷങ്ങളിൽ കാണാൻ കഴിഞ്ഞിരുന്നു. അതുകൊണ്ട് ഈ സർക്കുലർ മുഖേന ഇശാഅത്ത് വ എം.ടി.എ സെക്രട്ടറിയുടെ ഉത്തരവാദങ്ങളേയും നിർബന്ധ കടമകളേയും കുറിച്ച് ശ്രദ്ധ ക്ഷണിച്ചുകൊണ്ട് ജമാഅത്തുകളിൽ ഇശാഅത്ത് വ എം.ടി.എ വകുപ്പിന്റെ സെക്രട്ടറിയേയും നിർബന്ധമായും തിരഞ്ഞെടുക്കാൻ അഭ്യർഥിക്കുകയാണ്.

**ഇശാഅത്ത് (പ്രസിദ്ധീകരണം):** ഇശാഅത്ത് വ എം.ടി.എ സെക്രട്ടറി നളാറത്ത് നശ്ർ വ ഇശാഅത്ത് ഖാദിയാന്റെ മാർഗനിർദേശങ്ങളുടെ വെളിച്ചത്തിലായിരിക്കുംജമാഅത്തുകളിൽസേവനംചെയ്യുക.ജമാഅത്തംഗങ്ങൾക്ക് ജമാഅത്തിന്റെ സാഹിത്യങ്ങൾ വായിക്കേണ്ടതിന്റെ പ്രാധാന്യം പറഞ്ഞുകൊടുക്കുകയും വിവിധ ഗ്രന്ഥങ്ങൾ അവർക്ക് പരിചയപ്പെടുത്തികൊടുക്കുകയും അതു വായിക്കാൻ അവരെ തൽപരരാക്കുകയും ചെയ്യുക എന്നതാണ് സെക്രട്ടറിയുടെ ജോലി. ഇപ്രകാരംതന്നെ ജമാഅത്തംഗങ്ങളിൽനിന്ന് ഗ്രന്ഥങ്ങളുടെ ഓർഡർ സ്വീകരിച്ച് നളാറത്ത് നശ്ർ വ ഇശാഅത്തിൽനിന്ന് അത് അവർക്ക് സംഘടിപ്പിച്ചു കൊടുക്കുക എന്നതും സെക്രട്ടറിയുടെ പണിയാണ്.

ഇതിനുപുറമെ ബദ്ർപത്രം വായിക്കാൻ ജമാഅത്തംഗങ്ങളെ ഉപദേശിക്കുകയും വരിക്കാരുടെ എണ്ണം വർധിപ്പിക്കാൻ നടപടികൈക്കൊള്ളുകയും ചെയ്യുക. ജമാഅത്തിന്റെ പ്രസിദ്ധീകരണങ്ങളിലേക്ക് ലേഖനം എഴുതാൻ എഴുത്തുകാരെ പ്രേരിപ്പിക്കുക. നളാറത്ത് നശ്ർ വ ഇശാഅത്ത് ന്റെ മാർഗനിർദേശങ്ങളോടെ ജമാഅത്തുകളിൽ ലൈബ്രറികൾ സ്ഥാപിക്കുകയും അത് പരിപാലിച്ചു മുന്നോട്ടുകൊണ്ടുപോകുകയും ചെയ്യുക. ഗ്രന്ഥങ്ങളുടെ വിതരണത്തിനും സംരക്ഷണത്തിനുമുള്ള ഏർപാടു ചെയ്യുക. ലൈബ്രറിയെ പൂർണമായും പ്രയോജനപ്പെടുത്താൻ ജമാഅത്തംഗങ്ങളെ ഉത്സുകരാക്കുക. തദ്ദേശ ഭാഷകളിൽ ഗ്രന്ഥങ്ങൾ പ്രസിദ്ധീകിരിക്കുന്നതിന് പദ്ധതികൾ തയ്യാറാക്കി കേന്ദ്ര അനുമതിയോടെ പ്രസിദ്ധീകരിക്കുന്നതിനുള്ള ഏർപാടു ചെയ്യുക. ഗ്രന്ഥങ്ങൾ സ്റ്റോക്കു ചെയ്യുകയും അതിന്റെ കണക്കുകൾ കൃത്യമായി വെക്കുകയും ചെയ്യുക. ജമാഅത്തിന്റെ വെബ്സൈറ്റായ അൽഇസ്ലാമിനെ ജമാഅത്തംഗങ്ങൾക്ക് പരിചയപ്പെടുത്തുകയും അതിലെ ഡിജിറ്റൽ ലൈബ്രറി പ്രയോജനപ്പെടുത്താൻ പ്രേരിപ്പിക്കുകയും ചെയ്യുക.

**എം.ടി.എ: (മുസ്ലിം ടെലിവിഷൻ അഹ്മദിയ്യ):** മസ്ജിദ്/മിഷൻഹൗസ്/നമസ്കാരസെന്ററുകളിൽ എം.ടി.എ യുടെ പരിപൂർണ സംവിധാനമുണ്ടാക്കുകയും അവ സംരക്ഷിച്ച് നിലനിറുത്തുകയും ചെയ്യേണ്ടതാണ്. ആരുടെയെങ്കിലും എം.ടി.എ യുടെ ഡിഷ് എപ്പോഴെങ്കിലും പ്രവർത്തനരഹിതമായാൽ ക്ഷണത്തിൽ അത് നന്നാക്കിക്കൊടുക്കാനുള്ള സംവിധാനമുണ്ടയിരിക്കേണ്ടതാണ്. കേന്ദ്രത്തിൽനിന്ന് എം.ടി.എ യ്ക്കുവേണ്ടി എന്തു സാധനം നല്കിയിട്ടുണ്ടെങ്കിലും ഉദാഹരണത്തിന് ടി.വി, ഡിഷ്, ഇൻവർട്ടർ തുടങ്ങിയവ ഈ വസ്തുക്കളുടെ എല്ലാം സംരക്ഷണച്ചുമതല ഇശാഅത്ത് വ എം.ടി.എ വകുപ്പ് സെക്രട്ടറിയുടേതാണ്.

മസ്ജിദ്/മിഷൻഹൗസ്/നമസ്കാര സെന്ററുകളിൽ സംഘടിതമായ നിലയിൽ സയ്യിദുനാ ഹദ്റത്ത് അമീറുൽമുഅ്മിനീന്റെ ജുമുഅ ഖുത്ബ കേൾപ്പിക്കാനുള്ള സംവിധാനം ചെയ്യുകയും ജമാഅത്തംഗങ്ങളെ ഉചിതമായ നിലയിൽ അതിൽ പങ്കെടുപ്പിക്കുന്നതിന് നടപടികൈക്കൊള്ളുകയും ചെയ്യുക.

ജമാഅത്തംഗങ്ങൾ മുടങ്ങാതെ എം.ടി.എ പ്രോഗ്രാമുകൾ പ്രയോജനപ്പെടുത്തുന്നുണ്ടെന്ന് ഉറപ്പുവരുത്തുക. ജമാഅത്തിലെ എല്ലാ വീടുകളിലും എം.ടി.എ സംവിധാനമുണ്ടോ എന്ന് പരിശോധിക്കുക. എം.ടി.എ യുടെ സംവിധാനമില്ലാത്ത വീടുകളിൽ അവർക്ക് എത്രയുംവേഗം അത് വെച്ചുകൊടുക്കുന്നതിനുള്ള നടപടി കൈക്കൊള്ളേണ്ടതാണ്.

എം.ടി.എ യിലെ സുപ്രധാന പരിപാടിയെ കുറിച്ച് കേന്ദ്രത്തിൽനിന്ന് ലഭിക്കുന്ന അറിയിപ്പുകളനുസരിച്ച് ജമാഅത്തംഗങ്ങളെ ഉചിതമായ നിലയിൽ അറിയിക്കേണ്ടതാണ്.

സയ്യിദുനാ അമീറുൽമുഅ്മിനീന്റെ പ്രധാനപ്പെട്ട പ്രഭാഷണങ്ങളുടേയും പരിപാടികളുടേയുംDVDs-നളാറത്ത് നശ്ർ വ ഇശാഅത്തിൽനിന്ന് വരുത്തി ജമാഅത്തുകളിൽ ഒന്നടങ്കം കാണിക്കാനുള്ള ഏർപാടു ചെയ്യുക. ഇതുസംബന്ധമായി എല്ലാ ജില്ലയിലും ഒരു DVD Player നളാറത്ത് നശ്ർ വ ഇശാഅത്ത് നല്കിയിട്ടുണ്ട്.

ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഗ്രന്ഥങ്ങൾ വായിക്കാൻ കഴിയാത്തവർക്ക് കുറഞ്ഞപക്ഷം കേട്ട് അതിൽനിന്ന് ഫലമെടുക്കുന്നതിനുവേണ്ടി അവയുടെ ആഡിയോ ഫൈലുകൾ നളാറത്ത് നശ്ർ വ ഇശാഅത്തിൽനിന്ന് വാങ്ങി ജമാഅത്തംഗങ്ങൾക്ക് കൊടുക്കുക.

അല്ലാഹു നമുക്കെല്ലാവർക്കും സയ്യിദുനാ അമീറുൽമുഅ്മിനീന്റെ ഉന്നതമായ പ്രതീക്ഷകൾക്കൊത്ത് മതപരമായ സേവനങ്ങൾ ചെയ്യാൻ തൗഫീഖും സൗഭാഗ്യവും നല്കുമാറാകട്ടെ. ആമീൻ.

**നാളിർ നശ്ർ വ ഇശാഅത്ത് ഖാദിയാൻ.**

EDITOR
H.Shamsuddin
Mobile : +91-84376-99866
Sub Editor : Mohammad Ismaeel
Mobile : +91-94466-56123
e-mail : badarkerla@gmail.com

(Title Code:- PUNMAL00001)
ബദ്ർ വീക്കിലി ഖാദിയാൻ The Weekly BADAR Qadian
Distt. Gurdaspur (Pb.) INDIA Qadian - 143516
Vol-1 Thursday 26 May 2016 Issue-12

MANAGER
NAWAB AHMAD
Tel : +91-1872-224757
Mobile: +91-94170-20616
e-mail : managerbadrqnd@gmail.com
website : www.alislam.org/badr
ANNUAL SUBSCRIPTION Rs.300/-

# പരിശുദ്ധ റമളാൻ-
# നബി(സ)തിരുമേനിയുടെ ഉപദേശങ്ങൾ

ശഅ്ബാൻ മാസത്തിന്റെ അവസാനം നടത്തിയ ഉപദേശ പ്രസംഗത്തിൽ നബി(സ)തിരുമേനി അരുൾ ചെയ്തു:

"അല്ലയോ ജനങ്ങളേ! മഹത്തായ ഒരു മാസം നിങ്ങൾക്കിതാ തണലിട്ടിരിക്കുന്നു. അനുഗൃഹീത മാസമാണിത്. ആയിരം രാവുകളെക്കാൾ ഉത്തമമായ ഒരു രാത്രിയുള്ള മാസവുമാണിത്. അതിൽ നോമ്പ് അനുഷ്ഠാനം അല്ലാഹു നിർബന്ധമാക്കുകയും രാത്രി നമസ്കാരം ഐച്ഛികപുണ്യമാക്കുകയും ചെയ്തിരിക്കുന്നു. ഈ മാസം വല്ല പുണ്യകർമവും ചെയ്ത് ദൈവസാമീപ്യം തേടുന്നവൻ ഇതര മാസങ്ങളിൽ ഒരു നിർബന്ധ കർമം അനുഷ്ഠിച്ചവനെപ്പോലെയാണ്. ഈ മാസം ഒരു നിർബന്ധ കർമം ചെയ്യുന്നവൻ മറ്റു ദിവസങ്ങളിൽ 70 നിർബന്ധ കർമങ്ങൾ അനുഷ്ഠിച്ചവനെപ്പോലെയാണ്. റമളാൻ സഹനത്തിന്റെ മാസമാണ്. സഹനത്തിന്റെ പ്രതിഫലം സ്വർഗമത്രെ. ഇത് സഹാനുഭൂതിയുടെ മാസമാണ്. സത്യവിശ്വാസികളുടെ ഉപജീവനത്തിൽ വർധനവുണ്ടാകുന്ന മാസവുമാണ്. ഇതിൽ വല്ലവനും ഒരാളെ നോമ്പ് തുറപ്പിച്ചാൽ നോമ്പുകാരനുള്ള പ്രതിഫലം ഒട്ടും കുറയാതെ അത്രയും പ്രതിഫലം നോമ്പു തുറപ്പിച്ചവനും ലഭിക്കും." ഇതു കേട്ടപ്പോൾ സ്വഹാബാക്കൾ ചോദിച്ചു: അല്ലാഹുവിന്റെ റസൂലേ! ഞങ്ങളിൽ എല്ലാവർക്കും നോമ്പു തുറപ്പിക്കാനുള്ള കഴിവില്ലല്ലോ? നബി(സ)തിരുമേനി പറഞ്ഞു: "ഒരു കവിൾ പാലോ ഒരു ചൂള കാരക്കയോ ഒരു ഇറക്ക് വെള്ളമോകൊണ്ട് നോമ്പു തുറപ്പിക്കുന്നവനും ഈ പ്രതിഫലം ലഭിക്കുന്നതാണ്. ഒരു നോമ്പുകാരന് വയറുനിറച്ച് ആഹാരം കൊടുത്താൽ അവനെ അല്ലാഹു തന്റെ തണ്ണീർത്തടത്തിൽനിന്ന് കുടിപ്പിക്കുന്നതാണ്. പിന്നീട് അയാൾക്ക് ദാഹിക്കുകയില്ല. ഈ മാസത്തിന്റെ ആദ്യം കാരുണ്യവും മധ്യം പാപമോചനവും അവസാനം നരകവിമുക്തിയുമാണ്. ആരെങ്കിലും റമളാനിൽ തന്റെ അടിമയ്ക്ക് ജോലിയിൽ ഇളവു നല്കിയാൽ അല്ലാഹു അവന് പൊറുത്തുകൊടുക്കുന്നതും നരകത്തിൽനിന്നും മോചിപ്പിക്കുന്നതുമാണ്.(ബയ്ഹഖി)

"അനാവശ്യമായ വാക്കും പ്രവർത്തനവും ഒഴിവാക്കാൻ തയ്യാറില്ലാത്തവൻ-നോമ്പ് പിടിച്ച്-ഭക്ഷണവും വെള്ളവും ഉപേക്ഷിക്കണമെന്ന് അല്ലാഹുവിന് ഒരു താത്പര്യവുമില്ല."(ബുഖാരി)

"എത്രയെത്ര നോമ്പുകാർ! നോമ്പുമൂലം ദാഹമല്ലാതെ അവർക്ക് കിട്ടുന്നില്ല. എത്രയെത്ര രാത്രി നമസ്കാരക്കാർ! രാത്രി നമസ്കാരംകൊണ്ട് അവർക്ക് നിദ്രാനഷ്ടമല്ലാതെ ഒന്നും ലഭിക്കുന്നില്ല." (ദാരിമി)

"വിശ്വാസത്തോടുംപ്രതിഫലേച്ഛയോടുംകൂടി ആരെങ്കിലും റമളാനിൽനോമ്പു പിടിച്ചാൽ അവന്റെ മുൻപാപങ്ങൾ പൊറുക്കപ്പെടുന്നതാണ്."

"അല്ലാഹുവിന്റെ മാർഗത്തിൽ ഒരു മനുഷ്യൻ ഒരു ദിവസംനോമ്പു പിടിച്ചാൽ അവന്റെ മുഖം നരകത്തിൽനിന്ന് 70 വർഷത്തെ സഞ്ചാരദൂരത്തേക്ക് അകറ്റപ്പെടുന്നതാകുന്നു." (ബുഖാരി, മുസ്‌ലിം)

**യാത്രയിലെ നോമ്പ്:**

"നീ ഉദ്ദേശിക്കുകയാണെങ്കിൽ നോമ്പെടുക്കാം. ഉദ്ദേശിക്കുകയാണെങ്കിൽ ഉപേക്ഷിക്കാം."

യാത്രയിൽ കഷ്ടപ്പെട്ട് നോമ്പെടുത്ത ഒരാളോട് പറഞ്ഞു:

"യാത്രയിൽ നോമ്പെടുക്കുന്നത് പുണ്യകരമൊന്നുമല്ല."(ബുഖാരി, മുസ്‌ലിം)

**ഇടയത്താഴം:**

"അത്താഴം മുഴുവൻ നന്മയാണ്. അല്പം വെള്ളം കുടിച്ചിട്ടാണെങ്കിലും നിങ്ങളത് ഉപേക്ഷിക്കരുത്. നിശ്ചയം അല്ലാഹുവും അവന്റെ മലക്കുകളും അത്താഴം കഴിക്കുന്നവരുടെമേൽ കാരുണ്യം ചൊരിയും." (അഹ്മദ്)

"നിങ്ങൾ അത്താഴം കഴിച്ചുകൊള്ളുക. തീർച്ചയായും അത്താഴത്തിൽ ബർക്കത്തുണ്ട്." (ബുഖാരി)

"വല്ലവനും എന്റെ പേരിൽ സ്വലാത്തു ചൊല്ലിയാൽ അതു കാരണമായി അല്ലാഹു അവന് 10 തവണ അനുഗ്രഹം നേരുന്നു." (മുസ്‌ലിം)

"നോമ്പുകാലമായാൽ ആരും ശബ്ദകോലാഹലങ്ങൾ ഉണ്ടാക്കുകയോ വേണ്ടാവൃത്തികൾ ചെയ്യുകയോ അരുത്. തന്നോട് ആരെങ്കിലും വഴക്കുകൂടാനോ വക്കാണമുണ്ടാക്കാനോ വന്നാൽ, 'ഞാൻ നോമ്പുകാരനാണ്' എന്നു പറഞ്ഞ് അവൻ മാറിനിന്നു കൊള്ളട്ടെ." (ബുഖാരി, മുസ്‌ലിം)

"റമളാൻമാസം ആഗതമായാൽ സ്വർഗകവാടങ്ങൾ തുറക്കപ്പെടും. നരകകവാടങ്ങൾ അടയ്ക്കപ്പെടും. ശയ്ത്വാൻ ചങ്ങലകളിൽ ബന്ധിക്കപ്പെടുകയും ചെയ്യും."

"റമളാനിന്റെ പ്രഥമ രാത്രി സമാഗതമായാൽ പിശാചുക്കളും തിന്മ പ്രചരിപ്പിക്കുന്ന ജിന്നുകളും തടവിലാക്കപ്പെടുകയും നരക കവാടങ്ങൾ അടയ്ക്കപ്പെടുകയും സ്വർഗ കവാടങ്ങൾ തുറക്കപ്പെടുകയും ചെയ്യും. ഇപ്രകാരം വിളംബരം ചെയ്യാൻ അല്ലാഹു മലക്കുകളോട് കല്പിക്കും: 'നന്മ ആഗ്രഹിക്കുന്നവൻ മുന്നോട്ടു വരട്ടെ.തിന്മ ആഗ്രഹിക്കുന്നവൻ വിരമിക്കട്ടെ.' അവൻ അനേകം ആളുകളെ നരകവിമുക്തരാക്കും അഥവാ അവർ നരകത്തിൽ പ്രവേശിക്കുകയില്ലെന്ന് തീരുമാനിക്കും."(തിർമിദി, ഇബ്നുമാജ)

"അല്ലാഹു അനുവദിച്ച ഇളവോ രോഗമോ കൂടാതെ വല്ലവനും അകാരണമായി റമളാനിൽ ഒരു നോമ്പ് ഉപേക്ഷിച്ചാൽ ആയുഷ്ക്കാലം മുഴുവൻ നോമ്പനുഷ്ഠിച്ചാലും അതിന് പരിഹാരമാകുകയില്ല."(ബുഖാരി, അബൂദാവൂദ്, തിർമിദി)

"നോമ്പു തുറക്കുന്നവൻ അതിനു കാരക്ക ഉപയോഗിക്കട്ടെ. അതിൽ ബർക്കത്തുണ്ട്. അതില്ലെങ്കിൽ വെള്ളം ഉപയോഗിക്കട്ടെ. അത് ശുദ്ധമാണ്."(അബൂദാവൂദ്)

"അല്ലാഹു പറയുന്നു, എന്റെ അടിമകളിൽ എനിക്കേറ്റവും ഇഷ്ടപ്പെട്ടവർ നിശ്ചിതസമയമായാൽ നോമ്പ് മുറിക്കാൻ ധിറുതി കാണിക്കുന്നവരാണ്."(തിർമിദി)

"നിങ്ങളിൽ വല്ലവനും മറന്നു തിന്നുകയോ കുടിക്കുകയോ ചെയ്താൽ നോമ്പ് മുറിയുകയില്ല. നിശ്ചയം, അല്ലാഹുവാണ് അവനെ തീറ്റിയതും കുടിപ്പിച്ചതും."(ബുഖാരി, മുസ്‌ലിം)

"നിങ്ങളിൽ ഒരുവൻ ബാങ്കുവിളി കേട്ടതിന്റെ പേരിൽ തന്റെ ആവശ്യം പൂർത്തീകരിക്കാതെ ഭക്ഷണപാത്രം താഴെ വെക്കേണ്ടതില്ല."(അബൂദാവൂദ്)

"അല്ലാഹു പറയുന്നു: മനുഷ്യന്റെ മുഴുവൻ കർമങ്ങളും അവനുള്ളതത്രെ. നോമ്പോ, അതെനിക്കുള്ളതാണ്. ഞാനാണ് അതിന് പ്രതിഫലം. അവൻ അന്നപാനീയങ്ങളും ശരീരേച്ഛകളും ഉപേക്ഷിക്കുന്നത് എനിക്കുവേണ്ടി ആകുന്നു. ഓരോ സൽകർമത്തിനും പത്തിരട്ടി പുണ്യമുണ്ടാകും. നോമ്പുകാരന് രണ്ടു സന്തോഷമുണ്ട്. ഒന്ന് നോമ്പ് മുറിക്കുമ്പോൾ. പിന്നെ തന്റെ രക്ഷിതാവിനെ കണ്ടു മുട്ടുമ്പോഴും. നോമ്പ് മൂലം അവൻ സന്തുഷ്ടനാകുന്നു."(ബുഖാരി, മുസ്‌ലിം)

**നോമ്പ് തുറക്കുമ്പോഴുള്ള പ്രാർഥന:**

*ദഹബള്ളമഉ വബ്തല്ലത്തിൽഉറൂഖു വ ഥബത്തൽ അജ്റു ഇൻശാ അല്ലാഹുത്തആലാ*

ദാഹം ശമിച്ചു. ഞരമ്പുകൾ നനഞ്ഞു. അല്ലാഹു ഉദ്ദേശിച്ചാൽ പ്രതിഫലം ഉറച്ചു.

*അല്ലാഹുമ്മ ലക്ക സ്വുംതു വ ബിക്ക ആമൻതു വഅലാ രിസ്ഖിക്കഫ്ത്വർത്തു* അല്ലാഹുവേ ഞാൻ നിനക്കുവേണ്ടി നോമ്പ് പിടിച്ചു. നിന്നെ ഞാൻ വിശ്വസിച്ചു. നിന്റെ ആഹാരംകൊണ്ടു തന്നെ ഞാൻ നോമ്പ് തുറക്കുകയും ചെയ്യുന്നു.

## മിത്രത്തിനുവേണ്ടി പോരാടുന്നവൻ

നബി(സ)തിരുമേനി പറഞ്ഞു, അല്ലാഹു പറഞ്ഞിരിക്കുന്നു: ''എന്റെ വലിയ്യിനെ എതിർക്കുന്നവരാരോ അവനുമായി ഞാൻ സമരം പ്രഖ്യാപിച്ചിരിക്കുന്നു.''(ബുഖാരി)

**ത്വാലിബെ ദുആ: പി.പി.ഹസ്സൻ കോയ, മഞ്ചേരി**

## ഈമാനിൽ ഏറ്റവും ചെറുത്

നബി(സ)തിരുമേനി പറഞ്ഞു, ''ഈമാന് അറുപതോ എഴുപതോപരം ശാഖകളുണ്ട്. അവയിൽ ഏറ്റവും ഉത്തമം ''ലാ ഇലാഹ ഇല്ലല്ലാഹ്'' എന്നതും ഏറ്റവും ചെറുത് ജനസഞ്ചാരമുള്ള വഴികളിൽനിന്ന് ശല്യങ്ങൾ നീക്കലുമാകുന്നു.''(ബുഖാരി)

**ത്വാലിബെ ദുആ : അബ്ദുർറഹീം ശംസുദ്ദീൻ പഴയങ്ങാടി.**

Printed & Published by: Jameel Ahmed Nasir on behalf of Nigran Board of Badr, at Fazle-Umar Printing Press Qadian, Harchowal Road Po. Qadian, Distt. Gurdaspur-143516, Punjab, India. And published at office of the Weekly Badr Moh- Ahmadiyya, Harchowal Road P.o Qadian Distt. Gsp-143516, Punjab. India. Editor: H.Shamsuddin